2025 ഫെബ്രുവരി 01

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന YMEF ദ്വൈവാരിക

# സുവിശേഷധ്വനി
Suviseshadhwani

SUVISESHADHWANI FORTNIGHTLY • REG. NO. RN. 29475/1978, REG. NO. KL/TV (S)/396/2025-27 • VOL. 42. • ISSUE 35 • പുസ്തകം 42 • ലക്കം 35 • പേജ് 6

## യെഹൂദന്റെ വീഴ്ചയിൽ ജാതികൾക്കുള്ള നേട്ടം

സൈലസ് ഫോക്സ്

യെഹൂദജനത്തിന്റെ വീഴ്ചയും, ഇടർച്ചയും, തിരസ്ക്കരണവും, തുടർന്ന് ജീവന്റെ പ്രഭുവിനെ കൊന്നുകളഞ്ഞതും, എല്ലാം തന്നെ അവയിൽ തന്നെ തികച്ചും തെറ്റായ കാര്യങ്ങൾ ആണെങ്കിലും അവ മൂലം കാര്യമായ ചില നന്മകൾ കൈവരുത്തുന്നതിന് ഇടയായിട്ടുണ്ട്. പൂർവ്വകാലത്തെ യോസേഫ് തന്നെ വിറ്റുകളഞ്ഞ സഹോദരന്മാരോട് പറഞ്ഞത് : "നിങ്ങൾ എന്നെ വിറ്റുകളഞ്ഞു" എന്നാണ്. അത് തികച്ചു ഹീനമായ ഒരു കാര്യമായിരുന്നു. അവരുടെ ദുഷ്ടതയും അസൂയയും പകയും നിമിത്തമാണ് അവർ യോസേഫിനെ വിറ്റുകളഞ്ഞത്. എന്നാൽ യോസേഫ് തുടർന്നുപറഞ്ഞത് ശ്രദ്ധിക്കുക : "ജീവരക്ഷക്കായി ദൈവം എന്നെ നിങ്ങൾക്ക് മുമ്പേ അയച്ചതാകുന്നു....... ആകയാൽ നിങ്ങൾ അല്ല, ദൈവം അത്രേ എന്നെ ഇവിടെ അയച്ചത്" ഉല്പ. 45:5-8. അതെ; യെഹൂദജനത്തിന്റെ വീഴ്ച നിമിത്തം ജാതികളായ നാം അനുഗ്രഹിക്കപ്പെടുന്നതിന് വഴി തുറന്നുകിട്ടി.

**ക്രിസ്തുവിൽ ലോകത്തെ ദൈവത്തോട് നിരപ്പിച്ചുകൊണ്ടിരിക്കുക എന്നുള്ളതാണ് യഥാർത്ഥത്തിൽ ദൈവത്തിന്റെ ഉത്കൃഷ്ട കാര്യപരിപാടി. എത്ര വലിയ നേട്ടം! 2 കോരി. 5:19 ഈ ഘട്ടത്തിൽ ഞാൻ ഒന്നു ചോദിക്കട്ടെ; "നീ രക്ഷിക്കപ്പെട്ടിരിക്കുന്നുവോ? ഈ വക കാര്യങ്ങൾ നിങ്ങളുടെ അനുഭവമായി തീർന്നിട്ടില്ലേ? ഇല്ലെങ്കിൽ അത് ആവശ്യമില്ലെന്നോ?".**

(1) ഇപ്പോൾ ജാതികൾക്ക് രക്ഷ വന്നിരിക്കുന്നു (റോമ. 11:11).

(2) യഹൂദജനം അവനെ ക്രൂശിക്കുവാൻ ഏല്പിച്ചു; എങ്കിലും ക്രൂശിക്കപ്പെട്ടവനും തേജസ്ക്കരിക്കപ്പെട്ടവനുമായ ക്രിസ്തുമൂലം ജാതികളായ നമുക്ക് ആത്മീകവും നിത്യവുമായ സമ്പത്തു ലഭിച്ചു (റോമ. 11:12). ഞാൻ ഒന്നു ചോദിക്കട്ടെ. നീ ഒരു വിശ്വാസിയെങ്കിൽ നീ സമ്പന്നനല്ലേ? അതേ; 2 കോരി. 8:9 നോക്കുക.

(3) നാം നിരപ്പുപ്രാപിച്ചു (റോമ. 11:15) വായിക്കുക. യെഹൂദന്മാർ ക്രിസ്തുവിനെ ക്രൂശിക്കുകയും തന്മൂലം തിരസ്കരിക്കപ്പെടുകയും ചെയ്തു. എന്നാൽ ഈ ക്രൂശീകരണം നിമിത്തം നമുക്ക് ദൈവത്തോട് നിരപ്പ് പ്രാപിക്കുവാൻ സാധിച്ചു (റോമ. 5:10). നാം പാപികളാകയാൽ ദൈവത്തിൽ നിന്നും അകന്നുപോയവരായിരുന്നു. എന്നാൽ ഇന്നാകട്ടെ നാം ക്രിസ്തുവിൽ അവന്റെ രക്തത്താൽ സമീപസ്ഥരായിരിക്കുകയാണ് (എഫേ. 2:13). ശ്രദ്ധിക്കുക; ക്രിസ്തുവിൽ ലോകത്തെ ദൈവത്തോട് നിരപ്പിച്ചുകൊണ്ടിരിക്കുക എന്നുള്ളതാണ് യഥാർത്ഥത്തിൽ ദൈവത്തിന്റെ ഉത്കൃഷ്ട കാര്യപരിപാടി. എത്ര വലിയ നേട്ടം! 2 കോരി. 5:19 ഈ ഘട്ടത്തിൽ ഞാൻ ഒന്നു ചോദിക്കട്ടെ; "നീ രക്ഷിക്കപ്പെട്ടിരിക്കുന്നുവോ? ഈ വക കാര്യങ്ങൾ നിങ്ങളുടെ അനുഭവമായി തീർന്നിട്ടില്ലേ? ഇല്ലെങ്കിൽ അത് ആവശ്യമില്ലെന്നോ?".

(4) ഒലിവു മരത്തോട് ഒട്ടിച്ചു ചേർക്കപ്പെട്ടു. അതെ, സാക്ഷാൽ മുന്തിരി വള്ളിയായ ക്രിസ്തുവിൽ. നമ്മുടെ ഇന്നത്തെ അവസ്ഥ ഇതാണ് (യോഹ. 15:1-17). ദൈവവും ക്രിസ്തുവും ആണ് തഴച്ചുവളരുന്ന ഒലിവുമരം. നാം ഈ ഒലിവു മരത്തോട് ഒട്ടിച്ചുചേർക്കപ്പെട്ടിരിക്കുന്നു. അങ്ങനെ അതിന്റെ വേരും നീരും നമ്മുടെ പുഷ്ടിക്കായി ഉതകുന്നു. ദൈവത്തിനു സ്തോത്രം! ആകയാൽ നീ ഒരു മെലിഞ്ഞ ദൈവപൈതൽ അല്ല എന്ന് ഞാൻ കരുതുന്നു. ഒട്ടിച്ചു ചേർക്കപ്പെടുന്നതിനോടുള്ള ബന്ധത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക :

**(1) നാം മുമ്പ് ആരായിരുന്നു?** എന്തായിരുന്നു? ഒരു കാട്ടൊലിവായിരുന്നു.

**(2) എന്നാൽ ദൈവവചനമാകുന്ന വാൾ** നമ്മുടെ മേൽ പതിച്ചു. ആ വാൾ നമ്മെ പഴയ ബന്ധങ്ങളിൽ നിന്നും വെട്ടിവേർപെടുത്തി. നാം ക്രിസ്തുവിനെക്കുറിച്ചു കേട്ടപ്പോൾ അവനെ വിശ്വസിച്ചു. 'കത്തി പ്രയോഗം' കൂടാതെ നമ്മെ വെട്ടിയെടുക്കുവാനോ ഒട്ടിക്കുവാനോ കഴിയുകയില്ലല്ലോ.

**(3) ക്രിസ്തു ഈ വാൾ** പ്രയോഗത്തിനു നേരത്തെത്തന്നെ വിധേയനാകേണ്ടിവന്നു. യഹോവയുടെ വാളിനാൽ അവൻ വെട്ടേറ്റു. നമ്മുടെ അതിക്രമങ്ങൾ നിമിത്തം അവൻ ക്രൂശിന്മേൽ വച്ചു മുറിവേറ്റു. നമ്മുടെ അകൃത്യം നിമിത്തം തകർക്കപ്പെടുകയും ചെയ്തു.

**(4) ഒട്ടിച്ചു ചേർത്തു.** ഒട്ടിച്ചുചേർക്കപ്പെടേണ്ട കൊമ്പും ഒട്ടിക്കപ്പെടേണ്ട മരവും...... രണ്ടും ആവശ്യമാണ്. അങ്ങനെ വിശ്വാസത്താൽ നാം ക്രിസ്തുവിനോടും ചേർക്കപ്പെട്ടിരിക്കയാണ്..... ഒന്നായി തീർന്നു കൊരി. 6:17.

**(5) ഉറ്റബന്ധം.** അതെ, മുറിച്ചെടുത്ത കാട്ടുകൊമ്പായ നമ്മെ ക്രിസ്തുവാകുന്ന നല്ല ഒലിവു മരത്തോട് ചേർത്ത് വരിഞ്ഞുകെട്ടി. രക്ഷയിൽ "അയഞ്ഞ കെട്ടുകൾ" ഒന്നുമില്ല. രഹോബ് ചുവപ്പ് ചരടുകൾ കിളിവാതിൽക്കൽ കെട്ടി. മുറുക്കിക്കെട്ടിയോ? അല്ല, അയച്ചുകെട്ടിയിരിക്കുമോ? യാഗമൃഗത്തെ കയറുകൊണ്ട് കെട്ടണം (സങ്കീ. 118:27). സാക്ഷാൽ യാഗമൃഗം ക്രിസ്തുവത്രേ. ആകയാൽ ക്രിസ്തു പരിപൂർണ്ണ അനുസരണത്തോടെ പിതാവിന്റെ ഇഷ്ടത്താൽ തികച്ചും ബന്ധിതനായി തീർന്നു. അവൻ പിതൃഹിതപ്രകാരം മരിച്ചു. നാമും സ്വർഗ്ഗീയ സ്നേഹച്ചരടുകളാൽ മുറുകെ കെട്ടപ്പെട്ടവരാണ്. രക്ഷിതാവിന്റെ സ്നേഹബന്ധം അയഞ്ഞുപോകുവാൻ ഇടവരാതിരിക്കട്ടെ; കരുതിക്കൊൾക.

▶▶ ശേഷം 2-ാം പേജിൽ

## 'അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ!'

റെജി കെ. തോമസ്, നെല്യാടി

ആത്മികനായി ജീവിക്കുവാൻ ആഗ്രഹിക്കുന്ന ഒരു വിശ്വാസിയുടെ വിലാപമാണിത്. ആത്മിക ജീവിതത്തിൽ പ്രലോഭനങ്ങൾക്കും പാപങ്ങൾക്കും സാധ്യത കൂടുതലാണ്. കാരണം പിശാച് ഈ ലോകത്തിന്റെ ദൈവമാണ്. വിശ്വാസിയെ പരാജയപ്പെടുത്തുവാനും നഷ്ടപ്പെടുത്തുവാനും പലവിധ ശ്രമങ്ങൾ ചെയ്തുകൊണ്ടേയിരിക്കുന്നു.

**ജീവിതത്തിൽ വിശുദ്ധി കാത്തുസൂക്ഷിക്കേണ്ടത് വളരെ അത്യാവശ്യമാണ്. മത്തായി 15:11 മുതൽ 20 വരെയുള്ള വാക്യങ്ങളിൽ യേശുക്രിസ്തു പഠിപ്പിക്കുന്ന ഒരു പാഠം ഉണ്ട്. മനുഷ്യന് അശുദ്ധി വരുത്തുന്നത് എന്താണെന്ന് കർത്താവ് പറഞ്ഞിരിക്കുന്നു : "മനുഷ്യന് അശുദ്ധി വരുത്തുന്നത് വായിക്കകത്തു ചെല്ലുന്നതല്ല. വായിൽ നിന്ന് പുറപ്പെടുന്നതത്രേ, അത് മനുഷ്യനെ അശുദ്ധമാക്കുന്നു"**

മനുഷ്യകുലത്തെ മൂന്നായിട്ടാണ് ആത്മികനായ പൗലോസ് വിഭജിച്ചിരിക്കുന്നത് (1 കൊരി. 2:13 - 3:1). (1) പ്രാകൃതൻ (2) ജഡികൻ (3) ആത്മികൻ. പ്രാകൃതൻ രക്ഷിക്കപ്പെടാത്തവനാണ്. ദൈവാത്മാവിന്റെ ഉപദേശം അവന് ഭോഷത്വമാണ്. നിക്കോദിമോസാണ് ഏറ്റവും നല്ല ഉദാഹരണം. "നീ വീണ്ടും ജനിക്കണം എന്നു പറഞ്ഞപ്പോൾ അമ്മയുടെ ഉദരത്തിൽ കടന്ന് വീണ്ടും ജനിക്കാമോ എന്നാണ് അദ്ദേഹത്തിന്റെ സംശയം. രക്ഷിക്കപ്പെടാത്തവർക്ക് ആത്മിക വിഷയങ്ങൾ ഭോഷത്വമായേ തോന്നുകയുള്ളൂ.

ജഡികൻ രക്ഷിക്കപ്പെട്ടവനാണ്. പക്ഷേ ജഡത്തിന്റെ ഇഷ്ടം അനുസരിച്ച് ജീവിക്കുകയും ചിലപ്പോഴൊക്കെ ദൈവാത്മാവിന് വിധേയപ്പെട്ടും ജീവിക്കും. എന്നാൽ ആത്മികൻ ദൈവാത്മാവിന്റെ ഉപദേശങ്ങൾക്കും ഇഷ്ടങ്ങൾക്കും വിധേയപ്പെട്ടു ജീവിക്കുന്നവനാണ്. അങ്ങനെയുള്ള വ്യക്തിക്ക് പല തരത്തിലുള്ള പ്രലോഭനങ്ങൾ ഉണ്ടാകാറുണ്ട്. ആ സന്ദർഭത്തിലുള്ള അവന്റെ പ്രലാപനമാണ് "അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ".

ജീവിതത്തിൽ വിശുദ്ധി കാത്തുസൂക്ഷിക്കേണ്ടത് വളരെ അത്യാവശ്യമാണ്. മത്തായി 15:11 മുതൽ 20 വരെയുള്ള വാക്യങ്ങളിൽ യേശുക്രിസ്തു പഠിപ്പിക്കുന്ന ഒരു പാഠം ഉണ്ട്. മനുഷ്യന് അശുദ്ധി വരുത്തുന്നത് എന്താണെന്ന് കർത്താവ് പറഞ്ഞിരിക്കുന്നു : "മനുഷ്യന് അശുദ്ധി വരുത്തുന്നത് വായിക്കകത്തു ചെല്ലുന്നതല്ല. വായിൽ നിന്ന് പുറപ്പെടുന്നതത്രേ, അത് മനുഷ്യനെ അശുദ്ധമാക്കുന്നു" (മത്താ. 15:11). കാരണം ഹൃദയം നിറഞ്ഞു കവിയുന്നതാണ് വായ് പ്രസ്താവിക്കുന്നത്. മനുഷ്യന്റെ വാക്കുകളാണ് മനുഷ്യനെ അശുദ്ധനാക്കുന്നത് എന്നർത്ഥം. വായിൽ നിന്ന് പുറപ്പെടുന്നതോ ഹൃദയത്തിൽ നിന്നു വരുന്നു. അത് മനുഷ്യനെ അശുദ്ധനാക്കുന്നു (വാക്യം 18). എങ്ങനെയെന്നാൽ ദുശ്ചിന്ത, കൊലപാതകം, വ്യഭിചാരം, പരസംഗം, മോഷണം, കള്ളസാക്ഷ്യം, ദൂഷണം എന്നിവ ഹൃദയത്തിൽ നിന്ന് പുറപ്പെട്ടു വരുന്നു. മനുഷ്യനെ അശുദ്ധനാക്കുന്നത് ഇതത്രേ. കഴുകാത്ത കൈകൊണ്ട് ഭക്ഷിക്കുന്നതോ മനുഷ്യനെ അശുദ്ധനാക്കുന്നില്ല (മത്താ. 15:1820).

ഒരു ദൈവപൈതലിനെ അശുദ്ധമാക്കുന്ന പാപങ്ങളുടെ 7 പട്ടിക ഇവിടെ കാണുവാൻ സാധിക്കും. ഇവ എല്ലാം ഉത്ഭവിക്കുന്നത് ഹൃദയത്തിൽ നിന്നാണ് എന്നതാണ് മറ്റൊരു പ്രത്യേകത. ഹൃദയം കൊണ്ടാണ് ഈ പാപങ്ങൾ ചെയ്യുന്നത് എന്നതും പ്രത്യേകതയത്രേ! ദൈവമക്കൾക്ക് ദുശ്ചിന്തയുണ്ടോ? ഉണ്ടാകുവാൻ സാധ്യതയേറെയാണ്. ചിന്ത നല്ലതാണ്. സംസാരം പ്രകടമായ ചിന്തയും ചിന്ത ആന്തരികമായ സംസാരവുമാകുന്നു. ചിന്തകളെയും വീക്ഷണരീതികളെയും നമുക്ക് നിയന്ത്രിക്കാനായാൽ ജീവിതം തന്നെ നമുക്ക് നിയന്ത്രിക്കുവാൻ സാധിക്കും. ദുശ്ചിന്ത വളരെ അപകടകാരിയാണ്. അതുകൊണ്ട് ദൈവവചനം പറയുന്നു, "ഒടുവിൽ സഹോദരന്മാരെ സത്യമായത് ഒക്കെയും ഘനമായത് ഒക്കെയും നീതിയായതൊക്കെയും രമ്യമായതൊക്കെയും സത്ഗുണമോ പുകഴ്ചയോ അതൊക്കെയും ചിന്തിച്ചുകൊൾക" (ഫിലി. 4:8).

കൊലപാതകമാണ് മറ്റൊരു പ്രധാന പ്രശ്നം. മറ്റുള്ളവരെ കൊല്ലുന്നതാണ് കൊലപാതകം. നാം ആക്ഷരികമായി മറ്റൊരാളിനെ കൊല്ലുന്നില്ലായിരിക്കാം. പക്ഷേ കർത്താവിന്റെ വചനം പറയുന്നു; "കൊല ചെയ്യരുത് എന്നും ആരെങ്കിലും കൊല ചെയ്താൽ ന്യായവിധിക്ക് യോഗ്യനാകും എന്നു പൂർവ്വികന്മാരോട് അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ! ഞാനോ നിങ്ങളോടു പറയുന്നത് സഹോദരനോട് കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും.

സഹോദരനോട് നിസ്സാര എന്നു പറഞ്ഞാലോ അഗ്നിനരകത്തിന് യോഗ്യനാകും" (മത്താ. 5:21-22). അങ്ങനെയെങ്കിൽ ക്രിസ്തുവിലുള്ള സഹോദരനെ നിസ്സാരനായി കണ്ടാൽ ഉണ്ടാകുന്ന പരിണിതഫലം ഭയാനകമാണ്. സഹോദരനെ പകയ്ക്കുന്നവൻ എല്ലാം കൊലപാതകൻ ആകുന്നു. യാതൊരു കൊലപാതകനും നിത്യജീവൻ ഉള്ളിൽ വസിച്ചിരിപ്പില്ല എന്നു നിങ്ങൾ അറിയുന്നു (1 യോഹ. 3:15). മറ്റുള്ള സഹോദരങ്ങളെ പകയ്ക്കുക എന്നതിന് ഓശാന ബൈബിളിൽ കൊടുത്തിട്ടുള്ള പ്രയോഗം "സഹോദരനെ വെറുക്കുന്നവൻ" എന്നാണ്. അങ്ങനെയെങ്കിൽ കൂട്ടുസഹോദരനെ വെറുക്കുന്നത് കൊലപാതകത്തിന് തുല്യമാണ്. രക്ഷിക്കപ്പെട്ട ദൈവമക്കളിൽ നിന്ന് ഇവ പുറപ്പെട്ടാൽ നാമും കരയണം, "അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ".

മൂന്നാമതായി വ്യഭിചാരം; പഴയനിയമപ്രമാണം അനുസരിച്ച് ഇത് ഒരു

▶▶ ശേഷം 3-ാം പേജിൽ

എഡിറ്റോറിയൽ പേജ് 2 | ഒരദ്ധ്യായം ഒരിത്തിരി ചിന്ത പേജ് 3 | ലേഖനം പേജ് 4 | മഹത്വത്തിൽ പേജ് 5 | ചിന്താശകലം പേജ് 6

SUVISESHADHWANI
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
2025 ഫെബ്രുവരി 01/ പുസ്തകം 42 ലക്കം 35

എഡിറ്റോറിയൽ

# ലോകസമാധാനം എന്ന മരീചിക

ലോകത്തിൽ എല്ലാവരും ഒരുപോലെ ആഗ്രഹിക്കുന്ന ഒന്നാണല്ലോ സമാധാനം. എന്നാൽ ഈ ആഗ്രഹം ഒരിക്കലും സാധിക്കയില്ലേ ? ഇല്ലെന്നാവും ബഹുഭൂരിപക്ഷത്തിന്റെയും ഉത്തരം. അത് നമ്മുടെ അനുഭവത്തിൽ നിന്നും ആണ് താനും. ആയിരത്തി എണ്ണൂറ്റി അൻപതുകളിൽ കാലിഫോർണിയയിലെ ഗോൾഡ് റഷിന്റെ കാലത്ത് ഒരു വഴികാട്ടിയുമായി മരുപ്രദേശങ്ങളിൽ സ്വർണ്ണം തേടിപ്പോയ ഒരു അന്വേഷകനെക്കുറിച്ചു കേട്ടിട്ടുണ്ട്. താൻ സ്വർണ്ണശേഖരം തേടി കാലിഫോർണിയൻ മരുഭൂമിയിലെത്തി. എന്നാൽ തന്റെ സഹായി തന്നെ ഭീഷണിപ്പെടുത്തി തന്റെ കുതിരയെയും ഭക്ഷണസാധങ്ങളും വെള്ളവും കൈക്കലാക്കി കടന്നു കളഞ്ഞു. ഏതു ചെയ്യാം! ദാഹിച്ച് ഒരിറ്റു വെള്ളത്തിനായി അയാൾ അന്വേഷിക്കയാണ്. അപ്പോൾ ചുറ്റും കാണുന്നത് മരീചികകളാണ് (Mirage). അത് വെള്ളമല്ലെന്ന് തനിക്കറിയാമെങ്കിലും അതിലേക്ക് ഓടി അടുത്തു നോക്കി. അത് മരുഭൂമിയിലെ ഒരു പ്രതിഭാസം മാത്രമായിരുന്നു. അങ്ങനെ അയാൾ മരുഭൂമിയിൽ തളർന്ന് മരിച്ചത്രേ. ഇത് പോലെയല്ലേ ഇന്നത്തെ ലോകസമാധാനത്തിനായുള്ള അന്വേഷണവും ? അത് സാധ്യമല്ല എന്നത് ലോകനേതാക്കൾക്ക് അറിയാം. എങ്കിലും ശ്രമിച്ചു നോക്കുന്നു, ശ്രമം വിഫലമാകുന്നുവെന്ന് മാത്രം.

ഒന്നാം ലോകമഹായുദ്ധം ആയിരത്തിത്തൊള്ളായിരത്തി പതിനെട്ടിൽ അവസാനിച്ചപ്പോൾ ലോകനേതാക്കന്മാരുടെ ആഗ്രഹം 'ഇനി ഇതുപോലൊരു യുദ്ധം' ഉണ്ടാകാൻ പാടില്ലെന്നായിരുന്നു. അതിന്റെ ഫലമായി അമേരിക്കയുടെ ഇരുപത്തിയെട്ടാം പ്രസിഡണ്ട് ആയിരുന്ന വുഡ്രോ വിത്സൻ മുൻകൈ എടുത്തത് കൊണ്ടാണ് ലീഗ് ഓഫ് നേഷൻസ് രൂപീകൃതമായത്. പക്ഷെ എന്തുണ്ടായി? 1939ൽ വീണ്ടും ഒരു ലോകമഹായുദ്ധം. ഇന്നും അതിന്റെ അനന്തരഫലം ഹിരോഷിമയിലും നാഗസാക്കിയിലും ജനങ്ങൾ അനുഭവിക്കയാണ്. എന്നാൽ 1946 ൽ ലീഗ് ഓഫ് നേഷൻസിന്റെ പിൻഗാമിയായി യുണൈറ്റഡ് നേഷൻസ് ഓർഗനൈസേഷൻ സ്ഥാപിതമായി. അതിന്റെയും ലക്ഷ്യം മറ്റൊന്നായിരുന്നില്ല. എന്നാൽ യുദ്ധങ്ങൾ അവസാനിച്ചോ? അവസാനിക്കുമോ? ഇല്ലേയില്ല.

ഈ വരികൾ വായിക്കുമ്പോൾ തന്നെ ലോകത്തിന്റെ പല ഭാഗങ്ങളിലും യുദ്ധങ്ങളും ആഭ്യന്തരകലാപങ്ങളും നടക്കുകയാണല്ലോ. അതെ സമയം മദ്ധ്യപൂർവ ദേശത്ത് വീണ്ടും ഒരു വെടിനിർത്തൽ ഉടമ്പടി സ്ഥാപിക്കപ്പെട്ടിരിക്കയാണ്. അത് എത്രനാൾ നീണ്ടു നിൽക്കുമെന്നതിൽ ആർക്കും വലിയ ശുഭാപ്തി വിശ്വാസം ഒന്നുമില്ല. നമ്മൾക്ക് ദൈവവചനം അറിവ് തരുന്നത് പോലെ യിസ്രായേൽ എന്ന രാജ്യം ഉടലെടുക്കുന്നത് അവർ മിസ്രയീമിൽ നിന്നും കാനാനിലേക്ക് വരുമ്പോഴാണ്. എന്നാൽ ആ രാജ്യസ്ഥാപനവും യുദ്ധങ്ങളോടെയായിരുന്നു. അന്ന് ആരംഭിച്ച അവരുടെ യുദ്ധങ്ങൾ ഇന്നും അവസാനിച്ചിട്ടില്ല. അതവരുടെ നിലനിൽപ്പിന്റെ അടിസ്ഥാനവുമാണ്. യിസ്രായേലിന്റെ പരാജയകാരണം അവരുടെ പാപം ആണ്. പലപ്പോഴും യുദ്ധത്തിൽ പരാജയപ്പെട്ട് അവർ പ്രവാസത്തിലേക്ക് പോകേണ്ടതായും വന്നിട്ടുണ്ട്. അവരുടെ ഏറ്റവും വലിയ പ്രവാസകാലം 1900 ത്തിൽപരം വർഷങ്ങൾ നീണ്ടുനിന്നല്ലോ. ഇന്നും യൂദർ പൂർണ്ണമായും അവരുടെ രാജ്യത്ത് മടങ്ങിയെത്തിയിട്ടില്ല.

യിസ്രായേലിന്റെ ചരിത്രം അത്ഭുതങ്ങളുടെ ചരിത്രമാണ്. അവർ ഇന്നും ഒരു ജാതിയായി, രാജ്യമായി നിലനിൽക്കാൻ കാരണം അവരുടെ പിതാക്കന്മാരുടെ ദൈവമായ യഹോവയാണ്. ദൈവം അവരെ പലപ്പോഴും കഠിനമായി ശിക്ഷിച്ചിട്ടുണ്ട്. എന്നാൽ നിർമ്മൂലമാക്കിയിട്ടില്ല. ജർമ്മനിയിലെ ക്രൂരനായ ഭരണാധികാരി യെഹൂദ ജാതിയെ ഭൂമിയിൽ നിന്നും തുടച്ച് മാറ്റുവാൻ ആഗ്രഹിച്ച് ഏതാണ്ട് 60 ലക്ഷത്തെ കൊന്നൊടുക്കി എന്നാണ് ചരിത്രം പഠിപ്പിക്കുന്നത്. എന്നാൽ ഹിറ്റ്ലർ നശിച്ചു. യിസ്രായേൽ ഇന്നും നിലനിൽക്കുന്നു. ആർക്കും ഒരു വിധത്തിലും അവരെ പൂർണ്ണമായി നശിപ്പിക്കാൻ സാദ്ധ്യവുമല്ല.

ഭൂമിയിൽ ദൈവീകപ്രവൃത്തിയുടെ ഒരു പ്രധാന സ്ഥാനമാണ് യിസ്രായേലിനുള്ളത്. അവർ ലോകചരിത്രത്തിന്റെ നെറുകയിലാണ് ഇന്നും നിൽക്കുന്നത്; യെഹൂദനില്ലാത്ത ലോകചരിത്രമില്ല. ലോകരാജ്യങ്ങളിൽ ചെറിയ രാജ്യങ്ങളിലൊന്നായ യിസ്രായേൽ ഇല്ലാതെ ലോകത്തിലെ വൻകിട വികസിത/വികസ്വര രാജ്യങ്ങൾക്ക് പോലും നിലനിൽപ്പില്ല. കാരണം അവർ വികസിപ്പിച്ചെടുത്ത ശാസ്ത്ര സാങ്കേതിക വിദ്യകൾ ഏതെങ്കിലും തരത്തിൽ ഉപയോഗപ്പെടുത്താത്ത ഒരു രാജ്യവും ഭൂമിയിലില്ല. എന്നാൽ അവർ ഇന്നും ക്രിസ്തുവിനെയോ ക്രിസ്ത്യാനിയെയോ അംഗീകരിക്കുന്നില്ല.

നാം അറിയുന്നതുപോലെ കാലം അതിന്റെ അന്ത്യത്തിലേക്ക് വേഗത്തിൽ ഓടിക്കൊണ്ടിരിക്കയാണ്. നമ്മുടെ കർത്താവിന്റെ വരവ് വളരെ അടുത്തിരിക്കുന്ന ഈ വേളയിൽ നമ്മൾക്ക് ഒരുങ്ങുവാൻ ദൈവം സമയം തന്നിരിക്കയാണ്.

ഇന്ന് യെഹൂദന്റെ മടങ്ങിവരവ് നടന്നുകൊണ്ടിരിക്കുന്നു. അധർമ്മ മൂർത്തി പ്രത്യക്ഷപ്പെടാനും സമയം അടുത്തിരിക്കയാണ്. അവന്റെ ഭരണകാലത്ത് 'യാക്കോബിന്റെ കഷ്ടകാലം' ഉണ്ടാകും. അന്ന് യിസ്രായേൽ ചരിത്രത്തിലെ ഏറ്റവും വലിയൊരു ആൾനാശം സംഭവിക്കും. യിസ്രായേലിനെ സഹായിക്കാൻ ആരും ഉണ്ടാകയില്ല. ഇന്ന് ദൈവവിശ്വാസമില്ലാത്ത യെഹൂദൻ തങ്ങളുടെ ദൈവത്തെ അന്വേഷിക്കേണ്ടായി വരും. അന്നാണ് പ്രവാചകൻ സെഖര്യാവ് പറഞ്ഞ സംഭവങ്ങൾ നടക്കുക. അന്ന് അവർ തങ്ങളുടെ മശിഹായെ തിരിച്ചറിഞ്ഞ് 'അവർ കുത്തിയവങ്കലേക്ക്' നോക്കും. തൽഫലമായി നമ്മുടെ കർത്താവിന്റെ ഭൂമിയിലേക്കുള്ള വരവ് വീണ്ടും ഉണ്ടാകും (സെഖ. 14 4) അത് വലിയൊരു അത്ഭുതം തന്നെയാകും. നമ്മുടെ കർത്താവിന്റെ വരവ് യെഹൂദന്റെ രക്ഷക്ക് മാത്രമല്ല ഭൂമിയിലെ ഭരണത്തിന് തന്നെ മാറ്റം സംഭവിക്കും,

ഇന്ന് നാം മരീചിക അഥവാ അസാദ്ധ്യം എന്ന് നാം കരുതുന്ന ലോകസമാധാനം അന്ന് ഭൂമിയിൽ എല്ലാടവും കളിയാടും. ദൈവമക്കളുടെ പ്രത്യാശയുമായി ആ സംഭവങ്ങളൊക്കെ ബന്ധപ്പെട്ട കിടക്കുകയാണ്. എന്നാൽ അതിനുമുമ്പ് ഏഴു വർഷത്തെഎതിർക്രിസ്തുവിന്റെ ഭരണം ഈ ഭൂമിയിൽ ഉണ്ടാകും. അതിനെ പീഢനകാലം/മഹാപീഢനകാലം എന്ന് ദൈവവചനം വിളിക്കുന്നു. അതിനും മുമ്പായി നമ്മുടെ കർത്താവ് ദൈവസഭയെ തന്നോട് ചേർക്കുവാൻ മദ്ധ്യാകാശത്തിൽ വന്നിരിക്കും. നാം കർത്താവിനോട് കൂടെ ആയിരിക്കും. ദൈവസഭയോട് കൂടെയാണ് കർത്താവ് ഭൂമിയുടെ ഭരണം ഏറ്റെടുക്കാൻ വരുന്നത്. ഹാനോക്കിന്റെ ഭാഷയിൽ പറഞ്ഞാൽ 'ഇതാ കർത്താവു എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടു കൂടെ വന്നിരിക്കുന്നു' (യൂദാ15). അന്ന് ലോകസമാധാനം നമ്മൾക്ക് ദർശിക്കാം. നമ്മൾക്ക് അതിനായി കാത്തിരിക്കാം. ഒരുങ്ങാം. ●

1-ാം പേജ് തുടർച്ച

# യെഹൂദന്റെ വീഴ്ചയിൽ ജാതികൾക്കുള്ള നേട്ടം

**(6) ഒട്ടിച്ചുചേർക്കപ്പെടൽ ശരിയാകുമോ?** ചിലത് ഗുണപ്പെടുകയില്ലായിരിക്കാം. എന്നാൽ വിശ്വസിച്ചവരായ നമ്മുടെ കാര്യം അങ്ങനെയല്ല. എങ്ങനെ അറിയാം? മുട്ടുകളും, പുഷ്പങ്ങളും കായും ഉണ്ടായി വരുന്നെങ്കിൽ ഒട്ടിച്ചു ചേർക്കൽ ശരിയായിരുന്നു എന്ന് തീരുമാനിക്കാം. ഈ വസ്തുതയുടെ വെളിച്ചത്തിൽ നിന്റെ അനുഭവം എന്ത്? നാം ക്രിസ്തുവിനോടു കൂടെ ഒട്ടിച്ചു ചേർക്കപ്പെട്ടിരിക്കുന്നതിനാൽ ക്രിസ്തുവിന്റെ ഫലം കായ്ക്കുന്നവരായിരിക്കണം.

**(7) കരുതിക്കൊൾക.** ഇത് ലോകനടപ്പിന് വിപരീതമായ രീതിയാണ് (റോമ. 11:24). അതേ, നാം സ്വാഭാവിക വിരുദ്ധമായിട്ടു തന്നെയാണ് രക്ഷിക്കപ്പെട്ടിരിക്കുന്നത്. നാം ദൈവത്തെ സ്നേഹിച്ചതല്ല. അവൻ നമ്മെ സ്നേഹിക്കുകയാണുണ്ടായത്. നാം കാട്ടൊലിവായിരുന്നു. എങ്കിലും അവൻ നമ്മെ സ്നേഹിച്ചു; തന്നോട് അടുപ്പിച്ചു. ഈ ലേഖനകർത്താവ് പൂർവ്വകാലത്ത് ഒരു "കുറുക്കൻ" (Fox) തന്നെയായിരുന്നു. സ്വാഭാവിക വിരുദ്ധമായ നിലയിൽത്തന്നെയാണ് നല്ലവനായ ക്രിസ്തുവിനോട് ഒട്ടിച്ചുചേർക്കപ്പെട്ടിരിക്കുന്നത്! ആമേൻ, നിങ്ങളുടെ സാക്ഷ്യം എന്താണ്? കർത്താവായ യേശു മൂലമുള്ള ഈ രക്ഷ സ്വാഭാവിക നിലയിലുള്ളതല്ല; അതു ദൈവത്തിന്റെ ദാനം മാത്രമാണ്. ദൈവത്തിന്റെ അത്ഭുതമായ കൃപയുടെ വ്യാപാരം നമ്മുടെ ജീവിതത്തിൽ ഉണ്ടായിവന്നു. അതുകൊണ്ടു ഉന്നതഭാവമുള്ളവരാകാതെ ദൈവഭയത്തോടുകൂടെ ആനന്ദിക്കുകയും കർത്താവിൽ നിലനിന്ന് അവന്റെ മഹത്വത്തിനായിട്ട് ഫലം പുറപ്പെടുവിക്കുകയും ചെയ്യുക.

ഈ കാലം ഏത്? ഇത് യെഹൂദജാതിയുടെ കാലമല്ല. രണ്ടു നിലയിൽ "ജാതികളുടെ കാലമാണ്".

**രാഷ്ട്രീയമായി**

ലോകഭരണം ദൈവം ജാതികളുടെ കൈകളിൽ പരീക്ഷണാർത്ഥം വിട്ടുകൊടുത്തിരിക്കുകയാണ്. യെഹൂദജാതിക്ക് ഇക്കാര്യത്തിൽ ഇന്നു കാര്യമായ പങ്കില്ല. ജാതികളുടെ ഈ കാലയളവ് അവസാനിക്കാറായി എന്നുവേണം വിചാരിക്കുവാൻ (ലൂക്ക. 21:24).

**ആത്മികമായി**

ജാതികളുടെ സംഖ്യ തികയുവോളം നാം കാത്തിരിക്കുകയാണ് (റോമ. 11:25–27).

വല മത്സ്യങ്ങളെ കൊണ്ട് നിറയണം (മത്താ. 13:48). കല്യാണശാല വിരുന്നുകാരെക്കൊണ്ട് നിറയണം (മത്താ. 22:10). കാലം തികഞ്ഞു വരണം.... കാലസമ്പൂർണ്ണത വരണം (എഫേ. 1:10). അതിക്രമം തികഞ്ഞുവരണം. സഭ എടുക്കപ്പെട്ടുകഴിഞ്ഞതിനുശേഷമേ "അതിക്രമക്കാരുടെ അതിക്രമം തികയുക"യുള്ളൂ (ദാനി. 8:2).

പരിഭാഷ : വി.റ്റി.എം.
കടപ്പാട് : സത്യപ്രകാശിനി

# ധ്വനി ബൈബിൾ ക്വിസ് – 60
## യെഹെസ്കേലിന്റെ പുസ്തകം (33–48)

1. വിശുദ്ധ വഴിപാടിടത്തിന്റെ അളവ് എത്ര?
2. യിസ്രായേൽ ഗൃഹത്തോട് ലജ്ജിച്ച് നാണിപ്പാൻ പറഞ്ഞതെന്തുകൊണ്ട്?
3. ഒരു മാനേക്ക് തുല്യമായ ശേക്കെൽ എത്ര?
4. യിസ്രായേൽ മക്കളുടെ ആപത്ത് കാലത്ത് അവരെ വാളിന് ഏൽപ്പിച്ചതാര്?
5. പാപയാഗമായി അർപ്പിക്കേണ്ട മൃഗം ഏത്?
6. ഗോഗ് പ്രഭുവായിരുന്നത് ആർക്ക്?
7. നദിക്ക് ഇക്കരെയും അക്കരെയും വളരുന്ന വൃക്ഷങ്ങളുടെ ഇല ചികിത്സക്ക് ഉതകാനുള്ള കാരണം എന്ത്?
8. ഹോമയാഗവും ഹനനയാഗവും അറുപ്പാനുള്ള ആയുധങ്ങൾ വയ്ക്കുന്നതെവിടെ?
9. ശാശ്വത നിയമമായ യഹോവയ്ക്കുള്ള നിരന്തര ഭോജനയാഗം അർപ്പിക്കുന്നത് എങ്ങനെ?
10. യിസ്രായേൽ മക്കൾ തെറ്റിപ്പോയ കാലത്ത് വിശുദ്ധ മന്ദിരത്തിന്റെ കാര്യവിചാരണ നടത്തിയിരുന്നത് ആര്?

**ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 25**

**വിലാസം: സ്പർജൻ കെ. ജെ, ബൈബിൾ ഭവൻ,
റസ്സൽപുരം. പി. ഒ., ബാലരാമപുരം , തിരുവനന്തപുരം – 695 501
ഇമെയിൽ : spurjan.kj@gmail.com, വാട്ട്സാപ്പ് നമ്പർ : 9495131875**

ചീഫ് എഡിറ്റർ : സാം സഖറിയ
അസോ. എഡിറ്റർ : സാമുവൽ തോമസ്
മാനേജിംഗ് എഡിറ്റർ : ജോയികുമാർ വി.കെ.
സർക്കുലേഷൻ മാനേജർ : സ്പർജൻ കെ.ജെ.
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : ₹ 200/-
വിദേശങ്ങളിൽ : ₹ 3000/-

വാർത്തകളും രചനകളും ഇ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ ചീഫ് എഡിറ്ററുടെ വിലാസത്തിൽ അയയ്ക്കുക.
വരിസംഖ്യയും സംഭാവനകളും സുവിശേഷധ്വനിയെന്ന് മാത്രമെഴുതി മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയ്ക്കുക. പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.

Bank Details:
Account Name : **Suviseshadhwani**
**CSB BANK**, Thiruvananthapuram Main Branch
Account No: 009604073006195001
IFSC Code : CSBK 0000096

**തിരുമൊഴി**

"തിരുവചനം പ്രമാണിക്കുന്നവൻ നന്മ കണ്ടെത്തും; യഹോവയിൽ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ"
(സദൃ. 16:20)

# വൊക്കലിഗ സമൂഹം

## എന്റെ ജനം പ്രാർത്ഥിക്കുന്നുവെങ്കിൽ

ഇ.ജെ.പി.

**ജനസംഖ്യ :**

1.1 കോടിയിലധികം

**സാക്ഷരതാനിരക്ക് :**

വിവരം ലഭ്യമല്ല, എന്നാൽ ഉയർന്ന നിലവാരത്തിലാണ്.

**വേദപുസ്തക ലഭ്യത :**

നിലവിൽ വേദപുസ്തകങ്ങൾ ലഭ്യമല്ല. എന്നാൽ കുറച്ചു ബൈബിൾ കഥകൾ പരിഭാഷപ്പെടുത്തി അച്ചടിച്ചിട്ടുണ്ട്.

കർണ്ണാടക സ്റ്റേറ്റിന്റെ വിവിധ ഭാഗങ്ങളിൽ പാർക്കുന്ന ഒരു ജനസമൂഹമാണ് വൊക്കലിഗ. ആകെ ജനസംഖ്യ 1 കോടി 1 ലക്ഷം. തമിഴ്നാട്ടിന്റെ ചില പ്രദേശങ്ങളിലും ഇവരെ കാണാം. വൊക്കലിഗ ഭാഷയിലേക്കു നടക്കുന്ന ബൈബിൾ പരിഭാഷക്കുവേണ്ടി പ്രാർത്ഥിക്കുക. ഈ ഭാഷക്കാരുടെയിടയിലേക്കു വേലക്കാരെ അയക്കേണ്ടതിനായും പ്രാർത്ഥിക്കണമേ.



**പ്രാർത്ഥനയ്ക്കായി :**

വൊക്കലിഗ ഭാഷയിൽ നടന്നുകൊണ്ടിരിക്കുന്ന ബൈബിൾ പരിഭാഷാപ്രവർത്തനങ്ങളെ ഓർത്ത്. അത് ഇപ്പോൾ ആരംഭദശയിലാണുള്ളത്.

ഈ സമുദായത്തിന്റെ ഇടയിലേയ്ക്ക് സുവിശേഷപ്രവർത്തനങ്ങൾ വ്യാപിക്കുന്നതിനുവേണ്ടി.

ഈ സമുദായത്തിന്റെ ഇടയിലേയ്ക്ക് സുവിശേഷ സന്ദേശവുമായി പോകേണ്ടതിന്.

ദൈവം കൂടുതൽ മിഷനറിമാരെ അയയ്ക്കുന്നതിനുവേണ്ടി.

1-ാം പേജ് തുടർച്ച

# അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ!

പാപ പ്രവൃത്തിയാണ്. ദൈവം ഏറ്റവും അധികം വെറുക്കുന്ന പാപങ്ങളിലൊന്നാണത്. എന്നാൽ പുതിയ നിയമത്തിൽ ഇത് പ്രവൃത്തിയേക്കാൾ ഉപരി മനോഭാവം എന്ന അർത്ഥത്തിലാണ് കൊടുത്തിരിക്കുന്നത്. മത്താ. 5:27-28 വാക്യങ്ങളിൽ നാം വായിക്കുന്നു, "വ്യഭിചാരം ചെയ്യരുത് എന്ന് അരുളിചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ! ഞാനോ നിങ്ങളോട് പറയുന്നത് സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ടു അവളോടു വ്യഭിചാരം ചെയ്തുപോയി". ആകയാൽ ഈ പാപത്തിന്റെ തീവ്രത എത്ര ഭയാനകമാണ്. ഹൃദയം കൊണ്ടുള്ള പാപം എന്നാണ് അതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എത്രമാത്രം വിശുദ്ധമായി ജീവിക്കണം എന്ന മുന്നറിയിപ്പ് നല്കുന്നു.

പരസംഗമാണ് നാലാമത്തെ പാപമായി ഇവിടെ വിവരിച്ചിരിക്കുന്നത്. വ്യഭിചാരവും പരസംഗവും ഒരേ വിധത്തിലുള്ള പാപമാണ്. വിവാഹം കഴിക്കുന്നതിനു മുമ്പ് ശാരീരിക ബന്ധത്തിലൂടെ ഉണ്ടാകുന്ന പാപത്തെയാണ് പരസംഗം എന്ന് അർത്ഥമാക്കുന്നത്. വിവാഹത്തിന് ശേഷം മറ്റു സ്ത്രീകളുമായി ശാരീരിക ബന്ധം പുലർത്തുന്നതിനെ വ്യഭിചാരം എന്നും വിളിക്കുന്നു. ഇവ രണ്ടും വിശ്വാസികൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

അഞ്ചാമതായി മോഷണം. സ്വന്തമല്ലാത്തത് സ്വന്തമാക്കുവാൻ ചെയ്യുന്ന പ്രക്രിയയാണ് മോഷണം. കറണ്ട് കട്ടാലും കപ്പൽ കട്ടാലും കള്ളൻ കള്ളൻ തന്നെ. അങ്ങനെയെങ്കിൽ ജീവിതത്തിൽ നമ്മുടെ സ്വന്തമല്ലാത്ത കാര്യങ്ങൾ നമ്മുടെത് ആക്കുവാൻ ശ്രമിക്കുന്നത് മോഷണമാണ്. ദൈവം ഏറ്റവുമധികം വെറുക്കുന്ന പാപവും. ഇതും ഹൃദയത്തിൽ നിന്നും വരുന്നതുകൊണ്ട് നാം പറയേണ്ടതും അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ! എന്നാണ്.

ആറാമതായി കള്ളസാക്ഷ്യം. ഇല്ലാത്ത കാര്യങ്ങൾ ഉള്ളതുപോലെ പറയുന്നത് ഉള്ള കാര്യങ്ങൾ ഇല്ലാത്തതുപോലെ പറയുന്നതും കള്ളമാണ്. "പിശാചാണ് ഭോഷ്കു പറയുന്നവനും അവന്റെ അപ്പനും" (യോഹ. 8:44). ഏദൻതോട്ടം മുതൽ ഇന്നുവരെയും അർദ്ധസത്യങ്ങൾ പറഞ്ഞ് വിശ്വാസികളെയും അവിശ്വാസികളെയും തെറ്റിച്ചുകൊണ്ടിരിക്കുന്നു.

വിശ്വാസികൾ കള്ളം പറയുന്ന സ്വഭാവം എടുക്കുകയാണ് എങ്കിൽ പിശാചിന്റെ ദൗത്യം ഏറ്റെടുത്തു എന്നു പറയുവാനെ സാധിക്കുകയുള്ളൂ. "സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട് ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും" (എഫെ. 4:15). മാത്രവുമല്ല "ആകയാൽ ഭോഷ്ക് ഉപേക്ഷിച്ച് ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോട് സത്യം സംസാരിക്കുവിൻ നാം തമ്മിൽ അവയവങ്ങളല്ലോ" (എഫെ. 4:25).

ഏഴാമതായി ദൂഷണം. മറ്റു മനുഷ്യരെ ദുഷിക്കുന്നതാണ് ദൂഷണം. പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്ന ഒരു പാപമായിട്ടാണ് വേദപുസ്തകം ദൂഷണത്തെ വിശേഷിപ്പിച്ചിരിക്കുന്നത് (എഫെ. 4:30-31). മാത്രവുമല്ല വിട്ടുകളയേണ്ട പാപങ്ങളിൽ ദൂഷണവും വന്നിരിക്കുന്നു (കൊലോ. 3:8). ദുർഭാഷണവും ദൂഷണവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

ഈ വിധത്തിലുള്ള പാപങ്ങൾ ഹൃദയത്തിൽ നിന്ന് ഉത്ഭവിക്കുന്നതാണ്. വിശ്വാസി ഇവയെ വിട്ടൊഴിഞ്ഞ് ജീവിക്കണം. "അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ".

**വാൽക്കഷണം :**

"ഉപേക്ഷകൊണ്ട് വരുന്ന നഷ്ടം ഏറ്റവും വലുതും ഒരിക്കലും നികത്താനാവാത്തതുമാണ്".

അദ്ധ്യായം 09

# ഒരദ്ധ്യായം ഒരിത്തിരി ചിന്തകൾ
## രാജാക്കന്മാരുടെ 1-ാം പുസ്തകം

ജെയിംസ് എം. തോമസ്, നെടുമ്പാശ്ശേരി

**ദൈവകൽപനകളെ ചെയ്യാൻ തക്കവണ്ണം ദൈവമുമ്പാകെ ഹൃദയനിർമലതയോടും പരമാർത്ഥതയോടും കൂടെ അപ്പനായ ദാവീദ് നടന്നതുപോലെ നടന്നാൽ രാജത്വം നിലനിൽക്കും. എന്നാൽ ശലോമോൻ രാജാവും യിസ്രായേലും അവരുടെ ത്യാഗങ്ങളും ദൈവത്തെ വിട്ടുമാറി അവരുടെ മുമ്പിൽ വച്ചിരിക്കുന്ന ദൈവകല്പനകളെ പരിഗണിക്കാതെ ചെന്ന് അന്യദൈവങ്ങളെ സേവിച്ചു നമസ്കരിച്ചാൽ തീർച്ചയായും ന്യായവിധിയുണ്ടാകും.**

എട്ടാം അദ്ധ്യായത്തിൽ ശലോമോൻ ദൈവത്തോടു പ്രാർത്ഥിച്ചതിന്റെ മറുപടിയാണ് ഒൻപതാം അദ്ധ്യായത്തിന്റെ 1-9 വരെയുള്ള വാക്യങ്ങളിൽ കാണുന്നത്. തന്റെ ജനത്തിന്റെ പ്രാർത്ഥന കേൾക്കുന്ന ജീവനുള്ള ദൈവത്തെ മഹത്വപ്പെടുത്താം.

"യഹോവ ഗിബെയോനിൽവച്ചു ശലോമോനു പ്രത്യക്ഷനായതുപോലെ രണ്ടാം പ്രാവശ്യവും അവനു പ്രത്യക്ഷനായി" (വാക്യം 2). ആദ്യ പ്രത്യക്ഷത 3:5 -ാം വാക്യത്തിൽ കാണുന്നു. ദൈവീകപദ്ധതിയിൽ ശലോമോനു കൃപയാൽ നൽകപ്പെട്ട സ്ഥാനം എത്ര വലുതായിരുന്നു എന്ന ചിന്ത ഹൃദയത്തിലേക്കു വരുന്നു. എന്നാൽ തന്റെ ജീവിതത്തിലെ പാപങ്ങൾ നിമിത്തം ശലോമോനു കുറവു വന്നു എന്നതും വേദനയായി ഹൃദയത്തിലുണ്ട്. പൂർണ്ണമായ സമർപ്പണം ഒട്ടുവോളം ശലോമോൻ സൂക്ഷിച്ചിരുന്നെങ്കിൽ എത്ര ധന്യമായ അനുഭവങ്ങൾ തിരുവചനം രേഖപ്പെടുത്തുമായിരുന്നു! നമുക്കും ഇതൊരു മുന്നറിയിപ്പാണ്.

8:27-53 വരെയുള്ള വാക്യങ്ങളിൽ ആലയത്തോടനുബന്ധിച്ചുള്ള പ്രാർത്ഥനയുടെ മറുപടിയാണ് 9:3-ാം വാക്യം; "യഹോവ അവനോട് അരുളിചെയ്തതെന്തെന്നാൽ : നീ എന്റെ മുമ്പാകെ കഴിച്ചിരിക്കുന്ന നിന്റെ പ്രാർത്ഥനയും യാചനയും ഞാൻ കേട്ടു; നീ പണിതിരിക്കുന്ന ഈ ആലയത്തെ എന്റെ നാമം അതിൽ എന്നേക്കും സ്ഥാപിപ്പാൻ തക്കവണ്ണം ഞാൻ വിശുദ്ധീകരിച്ചിരിക്കുന്നു".

4-9 വരെയുള്ള വാക്യങ്ങളിൽ നിബന്ധനയോടുകൂടിയ അനുഗ്രഹങ്ങൾ ദൈവം അരുളിച്ചെയ്യുന്നു. ദൈവകൽപനകളെ ചെയ്യാൻ തക്കവണ്ണം ദൈവമുമ്പാകെ ഹൃദയനിർമലതയോടും പരമാർത്ഥതയോടും കൂടെ അപ്പനായ ദാവീദ് നടന്നതുപോലെ നടന്നാൽ രാജത്വം നിലനിൽക്കും. എന്നാൽ ശലോമോൻ രാജാവും യിസ്രായേലും അവരുടെ ത്യാഗങ്ങളും ദൈവത്തെ വിട്ടുമാറി അവരുടെ മുമ്പിൽ വച്ചിരിക്കുന്ന ദൈവകല്പനകളെ പരിഗണിക്കാതെ ചെന്ന് അന്യദൈവങ്ങളെ സേവിച്ചു നമസ്കരിച്ചാൽ തീർച്ചയായും ന്യായവിധിയുണ്ടാകും. അവ : (1) ദൈവം അവർക്കു കൊടുത്ത ദേശത്തുനിന്ന് അവരെ പറിച്ചു കളയും (വാക്യം 7); (2) ദൈവം തിരുനാമത്തിനായി വിശുദ്ധീകരിച്ചിരിക്കുന്ന ആലയവും ദൈവം തിരുമുമ്പാകെ നിന്നു നീക്കിക്കളയും (വാക്യം 7). സ്വർഗ്ഗത്തിലും സ്വർഗാധിസ്വർഗത്തിലും അടങ്ങാത്ത ദൈവം ശലോമോൻ പണിത ദൈവാലയത്തിലേക്ക് തൃക്കൺപാർക്കുന്നത് ദൈവകൃപയുടെ ചിത്രമാണ്, ദൈവമാണ് ദൈവാലയത്തെ ശ്രദ്ധാകേന്ദ്രമാക്കുന്നത്; മറ്റൊന്നും തൃക്കണ്ണിന് മുമ്പിൽ പ്രശംസനീയമല്ല! (3) യിസ്രായേൽ സകലജാതികളുടെയും ഇടയിൽ പഴഞ്ചൊല്ലും പരിഹാസവും ആകും (വാക്യം 7); (4) അവർ സ്തംഭന വിഷയവും ചോദ്യചിഹ്നവും ആകും (വാക്യം 8,9).

10-14 വരെയുള്ള വാക്യങ്ങളിൽ സോർരാജാവായ ഹീരാം ചെയ്ത ഭൗതിക നന്മകൾക്കു ഗലീലാദേശത്തു ശലോമോൻ ഹീരാമിനു ഇരുപതു പട്ടണങ്ങൾ കൊടുത്തു. "എന്നാൽ അവ അവനു ബോധിച്ചില്ല; സഹോദരാ, നീ എനിക്കു തന്ന ഈ പട്ടണങ്ങൾ എന്ത് അവൻ പറഞ്ഞു. അവയ്ക്ക് ഇന്നുവരെയും കാബൂൽദേശം എന്നു പേരായിരിക്കുന്നു". കാബൂൽ-അനിഷ്ടമായത്, വൃത്തിഹീനമായത്, ചവറ് എന്നീ അർത്ഥങ്ങൾ. 2 ദിന. 8:2 -ൽ പിന്നീട് ശലോമോൻ ഈ പട്ടണങ്ങളോടനുബന്ധിച്ച് എന്തു ചെയ്തു എന്നു വെളിപ്പെടുത്തുന്നു; "..... ഹൂരാം ശലോമോനു കൊടുത്ത പട്ടണങ്ങളെ ശലോമോൻ പണിതുറപ്പിച്ച് അവിടെ യിസ്രായേല്യരെ പാർപ്പിച്ചു".

"ശലോമോൻ രാജാവ് യഹോവയുടെ ആലയം, അരമന, മില്ലോ, യെരുശലേമിന്റെ മതിൽ, ഹാസോർ, മെഗിദ്ദോ, ഗേസർ എന്നിവ പണിയേണ്ടതിന്...." (വാക്യം 15). യെരുശലേമിലേക്കു ചുറ്റും പണിത ഒരു കോട്ടയായിരുന്നു മില്ലോ (24-ാം വാക്യം ശ്രദ്ധിച്ചാലും; പ്രതിരോധ ലക്ഷ്യത്തോടെ പണിത മൂന്ന് പട്ടണങ്ങളാണ് ഹാസോർ, മെഗിദ്ദോ, ഗെസെർ എന്നിവ. ദൈവം നിർമ്മൂലമാക്കണമെന്ന് കല്പിച്ച ജാതികളെ (സംഖ്യ 33:51-52, ആവർ. 20:16,17) നാം ശലോമോന്റെ ഭരണകാലത്ത് കാണുന്നു.

"ശലോമോൻ യഹോവയ്ക്കു പണിതിരുന്ന യാഗപീഠത്തിൻമേൽ അവൻ ആണ്ടിൽ മൂന്നു പ്രാവശ്യം ഹോമയാഗങ്ങളും സമാധാനയാഗങ്ങളും അർപ്പിച്ച് യഹോവയുടെ സന്നിധിയിൽ ധൂപം കാട്ടും. ഇങ്ങനെ അവൻ യഹോവയുടെ ആലയം തീർത്തു" (വാക്യം 25). പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ, വാരോത്സവ പെരുന്നാൾ അഥവാ പെന്തക്കൊസ്തു പെരുന്നാൾ, കൂടാരപ്പെരുന്നാൾ എന്നിവയാണ് ആണ്ടിൽ മൂന്നു പ്രാവശ്യം യഹോവയുടെ സന്നിധിയിൽ ശലോമോൻ രാജാവ് യാഗം കഴിച്ചിരുന്ന സന്ദർഭങ്ങൾ.

26-28 വാക്യങ്ങളിൽ കപ്പലുകളുടെ പണിയും അനുബന്ധ വിഷയങ്ങളും ദർശിക്കുന്നു.

# പിതാവിനെ ആരാധിക്കേണ്ടതായ 7 കാരണങ്ങൾ

കുഞ്ഞച്ചൻ തോമസ്, കുളത്തൂപ്പുഴ

പാപികളും നിഷ്ഠൂരന്മാരും ദൈവവിരോധികളുമായിരുന്ന നമ്മെ വീണ്ടെടുത്തു ദൈവമക്കളാക്കാൻ സ്വന്തപുത്രനെ മരണത്തിന് ഏൽപ്പിച്ച് നമ്മെ സ്വർഗ്ഗത്തിന് അവകാശികളാക്കി പുത്രൻ മുഖാന്തിരം പിതാവായ ദൈവത്തെ ആരാധിപ്പാൻ നമ്മെ യോഗ്യരാക്കിത്തീർത്തു.

**1. അവൻ നമ്മെ സ്നേഹിച്ചു**

യോഹ. 3:16 അവൻ എന്തുകൊണ്ട് നമ്മെ സ്നേഹിച്ചു എന്ന മർമ്മം നമുക്ക് മനസ്സിലാക്കാൻ കഴിയില്ല. കാരണം കൂടാതെ അവൻ നമ്മെ സ്നേഹിച്ചു. അവൻ ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ എബ്രാ. 13:8. ദൈവം നിത്യൻ ആയിരിക്കുന്നതുപോലെ അവന്റെ സ്നേഹവും നിത്യമാണ്. നിത്യസ്നേഹം കൊണ്ട് ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു യിര. 31:3. ദൈവസ്നേഹം പൂർണ്ണമായി വെളിപ്പെടുത്തിയത് ക്രൂശിലാണ്. തന്റെ പുത്രനെ തകർത്തുകളഞ്ഞുകൊണ്ട് നമ്മെ സ്നേഹിച്ചു. വെളിപ്പെടുത്തപ്പെട്ട സ്നേഹം യോഹ. 3:16; പ്രത്യക്ഷമായ സ്നേഹം; 1 യോഹ. 4:7; നൽകിയിരിക്കുന്ന സ്നേഹം 1 യോഹ. 3:1; വിശ്വസിക്കത്തക്ക സ്നേഹം. സ്നേഹിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു 1 യോഹ. 4:16. വേർപെടുത്താൻ കഴിയാത്ത സ്നേഹം റോമ. 8:35-39. മനുഷ്യസ്നേഹം വിട്ടുപിരിയുന്നതാണ്. ഏറ്റവും തീക്ഷ്ണമായ സ്നേഹവും കല്ലറവരെ മാത്രം. എന്നാൽ കർത്താവിൻ സ്നേഹം നിത്യതയിലും പിരിയാതെ തുടരുന്നതാണ്.

**2. പറഞ്ഞു തീരാത്ത ദാനമായി പുത്രനെ തന്നു 1 യോഹ. 4:14**

ദൈവസ്നേഹത്തിന്റെ നീളം, വീതി, ആഴം അളക്കുവാൻ കഴിയാത്തതാണ്. ആ സ്നേഹത്തിന്റെ വലുപ്പം കാണേണ്ടത് നമുക്ക് ലഭിച്ച ദാനത്തിന്റെ വലുപ്പം അനുസരിച്ചാണ്. സ്നേഹിക്കപ്പെടുന്ന വിഷയത്തിനായി അനുഭവിക്കുന്ന ത്യാഗത്തിന്റെ ആഴം സ്നേഹത്തിന്റെ ആഴത്തെ കാണിക്കുന്നു. അതുകൊണ്ട് നാം പുത്രൻ മുഖാന്തിരം ദൈവത്തെ ആരാധിക്കണം.

**ദൈവം തന്റെ വചനത്താൽ സകല ചരാചരങ്ങളേയും നിർമ്മിച്ചു. എല്ലാ പ്രകാശ ഗോളങ്ങളേയും അതതിന്റെ ഭ്രമണപഥത്തിൽ അളവ് തെറ്റാതെ നിർത്തുന്നു. ലോകസ്ഥാപനത്തിനു മുമ്പേ വിശ്വാസിയെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു. അവൻ നമ്മെ വിലയേറിയവരും മാന്യരുമായി എണ്ണി യെശ. 43:4, 49:5.**

**3. അവൻ ക്രിസ്തുവിൽ നമ്മെ തിരഞ്ഞെടുത്തു എഫേ. 1:3,4**

ദൈവം തന്റെ വചനത്താൽ സകല ചരാചരങ്ങളേയും നിർമ്മിച്ചു. എല്ലാ പ്രകാശ ഗോളങ്ങളേയും അതതിന്റെ ഭ്രമണപഥത്തിൽ അളവ് തെറ്റാതെ നിർത്തുന്നു. ലോകസ്ഥാപനത്തിനുമുമ്പേ വിശ്വാസിയെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു. അവൻ നമ്മെ വിലയേറിയവരും മാന്യരുമായി എണ്ണി യെശ. 43:4, 49:5.

**4. തന്റെ കൃപയാൽ നമ്മെ രക്ഷിച്ചു കൊലൊ. 1:12,13**

ഇരുട്ടിന്റെ അധികാരത്തിൽ നിന്നും വിടുവിച്ച സ്നേഹസ്വരൂപനായ ദൈവം നമ്മെ തന്റെ പുത്രന്റെ രാജ്യത്തിലാക്കി വെച്ചതിനാൽ പിതാവിന് സന്തോഷത്തോടെ സ്തോത്രം ചെയ്യണം. തന്നിൽ വിശ്വസിക്കുന്ന എല്ലാവരിലും ആ പരിവർത്തനം വരുത്തിയിരിക്കുന്നു. എത്ര ശ്രേഷ്ഠമായ പദവിയിലേക്കാണ് നമ്മെ കൊണ്ടുവന്നത്. പാപക്കുഴിയിൽ അന്ധകാരത്തിന്റെ കാറിന്യം നമ്മുടെ കണക്കുകൂട്ടലിന് മേലായിരിക്കുന്നു. പുത്രന്റെ യാഗമരണത്തിലുള്ള വിശ്വാസംമൂലം സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെച്ച സ്നേഹം ആർക്ക് വർണ്ണിക്കാം. ആരാലും അസാദ്ധ്യമായിരുന്ന നമ്മുടെ വീണ്ടെടുപ്പ് സങ്കീ. 49:8,9. പുത്രൻ നമുക്കുപകരമായി ക്രൂശിൽ അകൃത്യയാഗമായിത്തീർന്നതിനാൽ അവന്റെ കൃപയാൽ നമുക്കും സാദ്ധ്യമാക്കിത്തീർത്തു. സ്തോത്രം.

**5. ക്രിസ്തുവിൽ അവൻ നമ്മെ അനുഗ്രഹിച്ചിരിക്കുന്നു എഫേ. 1:3**

നമുക്ക് അർഹതയില്ലാത്ത അനവധി അനുഗ്രഹങ്ങൾ പിതാവ് പുത്രൻ മുഖാന്തിരം നമുക്ക് നൽകിയിരിക്കുന്നു. പിതാവിന്റെ സന്നിധിയിൽ പുത്രനുള്ള സകല അനുഗ്രഹങ്ങളും പദവികളും അവനിലെ വിശ്വാസംമൂലം നമുക്കും അവകാശമായിരിക്കുന്നു. പിതാവ് തരാത്ത ഒരനുഗ്രഹവും നമുക്കില്ല. എല്ലാം അവന്റെ ദാനം.

**6. അവൻ നമ്മെ മക്കളാക്കിത്തീർത്തു 1 യോഹ. 3:1**

ദൂരസ്ഥരായിരുന്ന നാം ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായിത്തീർന്നു. ക്രിസ്തു മുഖാന്തിരം മക്കളും അവകാശികളുമായി കൊലൊ. 1:21,22; യോഹ. 1:12; റോമ. 8:14-17. ദൈവത്തെ അബ്ബാ പിതാവേ എന്നു വിളിപ്പാനുള്ള പദവിയും ക്രിസ്തുവിനോട് കൂട്ടവകാശവും ലഭിച്ചു. പിതാവെന്ന നിലയിൽ നമ്മുടെ ആവശ്യങ്ങൾ അറികയും മത്താ. 6:32. നമ്മെ സ്നേഹിയും യോഹ. 16:27, ഗലാ. 2:20 സൂക്ഷിക്കയും യോഹ. 17:12 ശാസിക്കയും ശിക്ഷിക്കയും ചെയ്യുന്നു എബ്രാ. 12:7-9 സഹായിക്കുന്നു ആവ. 33:29, സങ്കീ. 146:5, 121:1 ആശ്വസിപ്പിക്കുന്നു. 2 തെസ്സ. 2:16, 2 കൊരി. 1:3, മത്താ. 11:29. നമ്മുടെ പ്രാർത്ഥന കേട്ട് ഉത്തരം നൽകുന്നു. മത്താ. 6:6, യോഹ. 9:31. തന്റെ ഹിതപ്രകാരം ഹൃദയം പകർന്ന് ഹൃദയ നുറുക്കത്തോടെ പ്രാർത്ഥിച്ചാൽ ഉത്തരം കിട്ടാതെ പോകയില്ല.

**7. ആരാധനക്കുള്ള വഴി ഒരുക്കിതരുന്നു യോഹ. 4:23, 24**

മനുഷ്യന് എല്ലാം ഒരുക്കിക്കൊടുത്തു എങ്കിലും ദൈവം തൃപ്തനാകുന്നില്ല. മനുഷ്യനിൽ നിന്ന് ആരാധന പ്രതീക്ഷിക്കുന്നു. തന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട മക്കളുടെ സന്തോഷത്തോടെയുള്ള നന്ദി നിറഞ്ഞ ആരാധന ദൈവം അംഗീകരിച്ച് അവനെ അനുഗ്രഹിക്കുന്നു. നമ്മുടെ ആരാധന കുറവു കൂടാതെ യേശുകർത്താവ് നമുക്കുവേണ്ടി പിതാവിന്റെ സന്നിധിയിൽ അർപ്പിക്കുന്നു. അതുകൊണ്ട് നിർമ്മലഹൃദയത്തോടെ വിശുദ്ധിയിൽ സാഷ്ടാംഗപ്രണാമം ചെയ്ത് ഭക്തിയിൽ അവനെ ആരാധിക്കാം. നമുക്ക് ലഭിച്ച എല്ലാ നല്ല ദാനങ്ങളേയും ഓർത്ത് കൃപയാൽ ലഭിച്ച വിലയേറിയ രക്ഷയെ ഓർത്ത്, നമ്മോടു കാണിച്ച അതുല്യ സ്നേഹത്തെ ഓർത്ത് നന്ദി നിറഞ്ഞ ഹൃദയത്തോടെ കർത്താവിനെ സ്തുതിക്കാം. ആ വിധത്തിൽ പുത്രൻ മുഖാന്തിരം പിതാവാം ദൈവത്തെ നിറഞ്ഞ ഭക്തിയിൽ ആരാധിക്കാം. ●

# വാട്ടർലൂ യുദ്ധത്തിൽ പരാജിതനായ നെപ്പോളിയൻ

ജോർജ് സി. വറുഗീസ്, തിരുവനന്തപുരം

1. "തന്നത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും, തന്നത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും" (മത്താ. 23:12).

2. "എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ. ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു; താഴ്മയുള്ളവർക്കോ കൃപ നൽകുന്നു" (1 പത്രോ. 5:5).

നെപ്പോളിയൻ ബോണപ്പാർട്ടിനെ(Napolian Bonaparte)പ്പറ്റി കേൾക്കാത്തവർ വളരെ ചുരുക്കമായിരിക്കും. അദ്ദേഹം തന്റെ 26-ാം വയസ്സിൽ ഇറ്റലിയിലുള്ള ഫ്രഞ്ചു സൈന്യത്തിന്റെ കമാൻഡർ ആയി അവരോധിക്കപ്പെട്ടു. മാത്രമല്ല താൻ 35 വയസ്സാകുന്നതിന് മുൻപു തന്നെ ഫ്രാൻസിന്റെ ചക്രവർത്തിയായി നിയമിക്കപ്പെട്ടു. ഇതേസമയം തന്നെ കത്തോലിക്കാസഭയുടെ ആസ്ഥാനമായ റോമിന്റെ ഭരണാധികാരിയും, ആത്മീയ നേതാവുമായ പോപ്പ് ഫ്രാൻസിലെ പള്ളികളുടെ മേലധികാരിയും ചോദ്യം ചെയ്യാൻ പാടില്ലാത്ത വിധത്തിലുള്ള പൂർവ്വാധികാരിയും ആയിരുന്നു. അതു മുഖാന്തിരം ഫ്രാൻസിലെ ഭരണാധികാരികളും പോപ്പുമായി നീരസത്തിലും കൈപ്പിന്റെ അനുഭവത്തിലുമായിരുന്നു.

ഫ്രാൻസിലെ ഒന്നാമത്തെ ചക്രവർത്തിയെ അവരോധിക്കുക എന്ന ഗംഭീരമായ ചടങ്ങിലേക്ക് (the anointing and crowning of the First Emperor of France) പോപ്പിനെ നിയോഗിക്കപ്പോട്ടിരിക്കുകയാണ്. 1804 ൽ ഡിസംബർ 2-ാം തീയതി നൊട്ടോർഡാം (Notore Dam) കത്തീഡ്രലിൽ പോപ്പും അദ്ദേഹത്തെ വലയം ചെയ്തുകൊണ്ടുള്ള കാർഡിലൻമാരും ബിഷപ്പുമാരും അടങ്ങിയ ഒരു വലിയ സംഘം നെപ്പോളിയന്റെ സ്ഥാനാരോഹണ ചടങ്ങിന്റെ കാർമ്മികത്വം വഹിക്കാനായി റെഡിയായി നിൽക്കുകയാണ്. പോപ്പ് പയസ്സ് ഏഴാമൻ നോക്കി നിൽക്കുമ്പോൾ ഇതാ നെപ്പോളിയൻ തന്റെ ഭാര്യ ജോസഫൈന്റെ കൈയ്യും പിടിച്ച് നേർക്കുവരുന്നു. എല്ലാവരും പ്രതീക്ഷിച്ചു അദ്ദേഹം പോപ്പിന്റെ മുൻപിൽ മുട്ടുകുത്തി നിൽക്കുമെന്ന്. എന്നാൽ എല്ലാവരേയും അതിശയിപ്പിക്കുമാറും പോപ്പിന്റെ കയ്യിൽ നിന്നും ആ കിരീടങ്ങൾ പിടിച്ചു വാങ്ങി, അൾത്താരക്കും എതിർദിശയിലേക്ക് തിരിഞ്ഞു നിന്ന് ആ കിരീടം തന്റെ തലയിൽ ഉറപ്പിച്ചു ചക്രവർത്തിയായി തന്നെ അവരോധിച്ചു. തുടർന്ന് ജോസഫൈന്റെ തലയിൽ താൻ തന്നെ കിരീടം അണിയിച്ച് അവരെ ചക്രവർത്തിനിയായി പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ സാമ്രാജ്യം പോർട്ടുഗൽ, ഓസ്ട്രിയ, പേർഷ്യൻ, സ്വീഡൻ, റഷ്യ, യു.കെ. മുതലായവ ഒഴിച്ചുള്ള യൂറോപ്പിന്റെ മുഴുവൻ ഭാഗങ്ങളും ഉൾപ്പെട്ടിരുന്നു.

**ദൈവസന്നിധിയിൽ താഴ്മയോടെ നടക്കേണം (മീഖ. 6:8). താഴ്മ, വിനയം, സൗമ്യത എന്നിവ ആത്മീയ മണ്ഡലത്തിൽ ഇന്ന് കുറഞ്ഞു വരികയാണ്. പകരം അഹങ്കാരവും, നിഗളവും, ഉന്നതഭാവവും കൂടിവരുന്നു. ഇന്നത്തെ മിക്കപ്രശ്നങ്ങൾക്കും കാരണം ഇതാണ്. എന്നാൽ വാഴ്ത്തപ്പെട്ട കർത്താവ് അരുളിചെയ്തു "ഞാൻ താഴ്മയും, സൗമ്യതയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ".**

എന്നാൽ പിന്നീട് സംഭവിച്ചത് എന്താണെന്ന് അറിയേണ്ടേ? അദ്ദേഹത്തിന്റെ കിരീടധാരണത്തിന്റെ 10 വർഷം പൂർത്തികരിക്കുന്നതിന് മുൻപുതന്നെ 1815 -ൽ, വാട്ടർലൂ യുദ്ധത്തിൽ നെൽസൺ, നെപ്പോളിയനെ തോൽപ്പിച്ചും ഒരു യുദ്ധതടവുകാരനായി, താൻ പിടിക്കപ്പെട്ടു. സെന്റ് ഹെലീനാ എന്ന സൗത്ത് അറ്റ്ലാന്റിക് ഓഷനിൽ ഉള്ളിലുള്ള ഒരു നിർജന ദ്വീപിലേക്ക് നാടുകടത്തപ്പെട്ടു. ഒരു കൂട്ടിലടക്കപ്പെട്ട ഒരു കഴുകനെപ്പോലെ താൻ അവിടെ കിടന്നുകൊണ്ട് വിലപിക്കുകയാണ്. "What Can I do on a little rock at the world's end" ഈ ലോകത്തിന്റെ മൂലയിലെ ഒരു ചെറിയ കല്ലിന്റെ പുറത്തിരുന്ന് എനിക്ക് എന്തുചെയ്യാൻ കഴിയും. 6 വർഷത്തെ തന്റെ ഈ അരിഷ്ട ജീവിതത്തിന് ശേഷം 1821 മേയ് മാസം 5-ാം തീയതി ഈ ലോകവാസം വെടിഞ്ഞു. ദൈവത്തെ മറക്കുന്നവരേ ഇതോർത്തുകൊൾവിൻ.

ദൈവം മനുഷ്യനോട് ആവശ്യപ്പെടുന്ന മൂന്നു കാര്യങ്ങളെക്കുറിച്ച് പ്രവാചകനായ മീഖായിക്ക് ദൈവം അരുളപ്പാടു നടത്തി. മനുഷ്യൻ നല്ലത് എന്താണ് എന്ന് ദൈവം വെളിപ്പെടുത്തുകയായിരുന്നു. അത് എന്താണെന്നല്ലേ? (1) ന്യായം പ്രവർത്തിക്കുന്ന (2) ദയാതത്പരനായിരിക്കണം (3) ദൈവസന്നിധിയിൽ താഴ്മയോടെ നടക്കേണം (മീഖ. 6:8). താഴ്മ, വിനയം, സൗമ്യത എന്നിവ ആത്മീയ മണ്ഡലത്തിൽ ഇന്ന് കുറഞ്ഞുവരികയാണ്. പകരം അഹങ്കാരവും, നിഗളവും, ഉന്നതഭാവവും കൂടിവരുന്നു. ഇന്നത്തെ മിക്കപ്രശ്നങ്ങൾക്കും കാരണം ഇതാണ്. എന്നാൽ വാഴ്ത്തപ്പെട്ട കർത്താവ് അരുളിചെയ്തു "ഞാൻ താഴ്മയും, സൗമ്യതയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ". വാട്ടർടാങ്കിനെക്കാൾ ഉയർന്നു നിൽക്കുന്ന ടാപ്പിൽ കൂടെ വെള്ളം പ്രവഹിക്കയില്ല എന്ന സത്യം നാം മനസ്സിലാക്കണം. ഏതു മനുഷ്യനും ഉറച്ചു നിന്നാലും ഒരു ശ്വാസമത്രേ എന്ന് എല്ലാവരും ഓർത്തിരിക്കണം.

ആറുവർഷത്തിന് മുൻപ് ജീവിച്ചിരുന്ന അഹങ്കാരിയും, നിഗളിയും, വെല്ലുവിളിക്കാരനും, ഭീഷണിപ്പെടുത്തി നടന്നവനും, ഗുണ്ടയും ഒക്കെ ഇന്ന് എവിടെ? ചില വർഷങ്ങൾ മുന്നോട്ടുപോയാൽ ഇന്നത്തെ അഹങ്കാരികളുടെ അവസ്ഥ എന്ത്? ചൂളപോലെ കത്തുന്ന ദിവസംവരുന്നു. അന്ന് അഹങ്കാരികൾ ഒക്കെയും സകലദുഷ്പ്രവർത്തിക്കാരും താളടിയാകും. നിഗളിച്ച പ്രധാന ദൂതനെ ശിക്ഷിച്ച് പിശാച് ആക്കിയവനാണ് നമ്മുടെ ദൈവം. നിഗളിച്ച നെബുക്കദ്നേസറിനെ ഏഴുവർഷം പുല്ലു തീറ്റിച്ചവനാണ് ജീവനുള്ള ദൈവം. ലോകത്തെ കിടുകിടാ വിറപ്പിച്ച മഹാന്മാർ ഇന്ന് എവിടെ! ഹിറ്റ്ലർക്കും, നെപ്പോളിയനും, അലക്സാണ്ടർക്കും എന്തുസംഭവിച്ചു! തമിഴ്നാടിനെ വിറപ്പിച്ച ജംബുലിംഗനാടാരും, വീരപ്പനുമെവിടെ? വീരന്മാർ പട്ടുപോയതെങ്ങനെ? പുറത്തേക്ക് വിടുന്ന ശ്വാസം തിരിച്ച് അകത്തേക്ക് എടുക്കാതെ വന്നാൽ ഏതു വീരനും മരിച്ചുവീഴും. മനുഷ്യന്റെ അവസ്ഥ ഇതാകുന്നു എങ്കിൽ ബലവാൻ തന്റെ ബലത്തിൽ എന്തിന് പ്രശംസിക്കുന്നു; ധനവാൻ തന്റെ ധനത്തിൽ എന്തിന് പ്രശംസിക്കുന്നു? എന്തിന് ജ്ഞാനി തന്റെ ജ്ഞാനത്തിൽ പ്രശംസിക്കുന്നു?

മനുഷ്യൻ സകലത്തിന്റേയും സാരം കേട്ടുകൊൾക. ദൈവത്തെ ഭയപ്പെട്ട് അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക, അതാണ് സകല മനുഷ്യർക്കും വേണ്ടത്. എല്ലാവരും ഒരു ദിവസം ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുൻപാകെ നിൽക്കേണ്ടി വരും. മനുഷ്യൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിന് തക്കവണ്ണം പ്രാപിക്കും. എല്ലാ മുട്ടും ആ ന്യായാധിപന്റെ മുൻപിൽ മടങ്ങും. പോപ്പിന്റെ മുമ്പിൽ മുട്ടുകുത്താൻ കൂട്ടാകാതെയിരുന്ന നെപ്പോളിയനെപ്പോലെയല്ല എല്ലാ മുട്ടും മടങ്ങിയേ മതിയാകൂ. താഴ്മയോടെ എല്ലാവരും ദൈവമുൻപിൽ നടക്കുവാൻ ദൈവം മനുഷ്യനെ കുറിച്ചാഗ്രഹിക്കുന്നു. ഞാൻ ആകുന്നത് കൃപയാലാണ് എന്ന് സമ്മതിച്ച് താഴ്മയോടെ ദൈവത്തിന്റേയും മനുഷ്യരുടേയും മുൻപിൽ ജീവിക്കുന്നവരായി ദൈവമക്കൾ തീരേണം. അങ്ങനെയെങ്കിൽ ദൈവസഭ അനുഗ്രഹിക്കപ്പെടും. ●


Email : svdtvm2019@gmail.com

# നാം ജീവിക്കുന്നത് കൃപായുഗത്തിന്റെ അവസാന നിമിഷങ്ങളിലോ ?

**മാത്യു പോൾ**

നാം ജീവിക്കുന്നത് വളരെ നിർണായകമായ കാലത്താണ് എന്നതിന് ഒരു സംശയവും ഇല്ല തന്നെ. ഒരു വർഷത്തിന്റെ ആരംഭത്തിൽ നാം എത്തിക്കഴിഞ്ഞു. സംഭവബഹുലമായ ഒരു വർഷം കൂടെ നമ്മെ പിന്നിട്ടു. ഈ വർഷംആരംഭിച്ചതുതന്നെ യുദ്ധങ്ങളും യുദ്ധശ്രുതികളും കൊണ്ടാണ്. മനുഷ്യർ ആകുലചിത്തരായി കഴിയുന്നു. അടുത്ത് എന്ത് സംഭവിക്കും എന്ന് ആർക്കും പറയാൻ ആകുന്നില്ല. എന്നാൽ ഒരു വിശ്വാസിയെ സംബന്ധിച്ചോളം ഈ നാളുകൾ പ്രത്യാശയുടെ ദിനങ്ങൾ ആണെന്നതിൽ സംശയം ഇല്ല.

2018 ൽ യെരുശലേമിനെ യിസ്രായേലിന്റെ തലസ്ഥാനമായി അമേരിക്ക അംഗീകരിച്ച് അവരുടെ എംബസി യെരുശലേമിലേക്ക് മാറ്റി എന്നത് ഏവർക്കും അറിയാവുന്ന ഒരു ചരിത്രസംഭവമാണല്ലോ. യിസ്രായേൽ ഒരു രാഷ്ട്രമായത് 1948 ൽ ആയിരുന്നു എന്നും അറിയാമല്ലോ? കൃത്യം 70വർഷം തികഞ്ഞപ്പോൾ യെരുശലേമിനെ തലസ്ഥാനമായി അംഗീകരിക്കുന്നു. ഇത് യാദൃശ്ചികം എന്ന് കരുതുന്നോ? ഒരിക്കലും അല്ല; വിശദീകരിക്കാം.

2014ഏപ്രിൽ മാസത്തിലും 2015ഒക്ടോബർ മാസത്തിലും പൂർണ്ണചന്ദ്രൻ ചുവപ്പായി കാണപ്പെട്ടു എന്നതിന് നമ്മൾ സാക്ഷികളാണല്ലോ. അതേ വർഷത്തിൽ തന്നെ രണ്ടു പ്രാവശ്യം സൂര്യഗ്രഹണ സമയത്ത് സൂര്യൻ കറുത്തതും നമുക്ക് അറിയാവുന്ന വിഷയമാണ്. എന്നാലിതിന്റെ പ്രത്യേകത ചന്ദ്രൻ ചുവന്നതു യെഹൂദന്മാരുടെ പെസഹാ ദിവസവും കൂടാരപ്പെരുനാൾ ദിവസവും ആയിരുന്നെന്നും സൂര്യൻ കറുത്തത് യെഹൂദന്മാരുടെ പുതുവർഷ ദിവസവും ആയിരുന്നു എന്നതും ഒരു സവിശേഷതയാണ്. ഒരുവർഷത്തിൽ ആറു പ്രാവശ്യം ഇങ്ങനെ സംഭവിക്കുന്നതിനു ടെട്രാഡ് (tetrad) എന്നാണ് അറിയപ്പെടുന്നത്.

NASAയുടെ ഗ്രഹണങ്ങളെപറ്റിയുള്ള വെബ്സൈറ്റ് പരിശോധിച്ചാൽ 3000 എ.ഡി. വരെയുള്ള ഗ്രഹണങ്ങൾ അതിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് കാണാം. അതിൽ 2 പ്രാവശ്യം ടെട്രാഡ് ഉണ്ടായതായി കാണാവുന്നതാണ്. അവയിൽ 8 പ്രാവശ്യം 2014, 15 ൽ സംഭവിച്ചതുപോലെ യെഹൂദന്മാരുടെ പ്രധാനപ്പെട്ട ദിവസങ്ങളിലാണ് സംഭവിച്ചത്. ഇനിയും അങ്ങനെ ഒന്ന് എ.ഡി. 3000 വരെ സംഭവിക്കുകയില്ല എന്നും കാണാവുന്നതാണ്.

ഉല്പ.1:14 അനുസരിച്ച് സൂര്യ-ചന്ദ്രാദികൾ അടയാളങ്ങളായിട്ടു കൂടെയാണ് ദൈവം സൃഷ്ടിച്ചതെന്ന് നാം വായിക്കുന്നു. യഹോവയുടെ വലുതും ഭയങ്കരവുമായ ദിവസം വരും മുൻപ് സൂര്യൻ ഇരുണ്ടും ചന്ദ്രൻ രക്തമായും മാറും എന്ന് യോവേൽ 2:31 പറയുന്നു.

ചരിത്രം സസൂക്ഷ്മം പരിശോധിച്ചാൽ യെഹൂദന്മാരുടെ പ്രധാനപ്പെട്ട ദിവസങ്ങളിൽ ടെട്രാഡ് സംഭവിച്ചപ്പോഴൊക്കെ ദൈവം യെഹൂദനോട് ദൈവം നേരിട്ട് ഇടപടുന്ന അവസരങ്ങളായിരുന്നു അവ എന്നത് വളരെ വ്യക്തമാണ്. യെരമ്യ. 31:28 ൽ ഏഴു ക്രിയാപദങ്ങൾ കാണാം. അവയിൽ ആദ്യത്തെ അഞ്ചു ശിക്ഷകാത്മകവും (Negative) ഒടുവിലത്തെ രണ്ടു ക്രിയാത്മകവും (Positive) ആണെന്നും കാണാം. 1,8, 9 ,15,19 നൂറ്റാണ്ടുകളിൽ ഇത് സംഭവിച്ചപ്പോൾ ദൈവം അവരെ ശിക്ഷിക്കയായിരുന്നു.

നൂറ്റാണ്ടിൽ 1947- 48 ലും 67 68ലും ഇത് സംഭവിച്ചു. 1948 ൽ യിസ്രായേൽ ഒരു രാഷ്ട്രമായി. 1967 ൽ അവർ യെരുശലേം സ്വന്തമാക്കി. ഒടുവിലായി 2014 – 15 ൽ ഇത് സംഭവിച്ചപ്പോൾ നാം മനസ്സിലാക്കേണ്ടത്, ദൈവം യെഹൂദനെ നടുവാനും പണിയാനും തന്റെ കൈയിൽ എടുത്തു എന്നാണ്. അഥവാ ജാതികളുടെ കാലം (ലൂക്കോ. 21:24) കഴിയാറായി എന്നർത്ഥം.

നാം ജീവിക്കുന്നത് കൃപായുഗത്തിന്റെ അവസാന നിമിഷങ്ങളിൽ അത്രേഎന്നതിൽ സംശയം വേണ്ട. നമുക്ക് ഉണരാം. കർത്താവിന്റെ വരവിനായി നമ്മെ ഒരുക്കാം. ചിലരെ തീയിൽ നിന്ന് വലിച്ചു രക്ഷിക്കാം (യൂദാ. വാ. 23). ഭക്തിയോടെ വിശുദ്ധജീവിതം നയിച്ച് അവന്റെ വരവിനെ ബദ്ധപ്പെടുത്താം (2 പത്രോ. 3:12). നമ്മുടെ ദൈവത്തിന്റെ നാമം മഹത്വപ്പെടുമാറാകട്ടെ.

(കുറിപ്പ് : ഇന്ന് നിത്യതയിൽ വിശ്രമിക്കുന്ന സഹോദരൻ മാത്യു പോൾ വർഷങ്ങൾക്ക് മുമ്പ് ഏല്പിച്ചതാണ് ഈ ലേഖനം. എന്നാൽ അന്ന് പ്രസിദ്ധീകരിക്കുവാൻ സാധിച്ചില്ല. ഇന്നത്തെ ലോകസംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഈ ലേഖനം കൂടുതൽ പ്രസക്തമായത് കൊണ്ട് പ്രസിദ്ധീകരിക്കുന്നു). ●

# പറിച്ച മണ്ടന്മാർ

## (സുവി. വി.പി. ജേക്കബ് തിരുവനന്തപുരത്തിന്റെ സുവിശേഷം വിശദമാക്കുന്ന കഥകളും ദൃഷ്ടാന്തങ്ങളും എന്ന ഗ്രന്ഥത്തിൽ നിന്ന്)

വിജയനഗർ സാമ്രാജ്യം ഭരിച്ചിരുന്ന കൃഷ്ണദേവരായർ പണ്ഡിതന്മാരെ വളരെ പ്രോത്സാഹിപ്പിക്കുന്ന ഒരു ചക്രവർത്തി ആയിരുന്നു. ഒരു ദിവസം അഞ്ചു പണ്ഡിതന്മാർ ചക്രവർത്തിയെ കാണാൻ വന്നു. സംഗീതശാസ്ത്രജ്ഞൻ, ഭാഷാ പണ്ഡിതൻ, താർക്കികൻ, ജ്യോത്സ്യൻ, ഡോക്ടർ എന്നിങ്ങനെ ഐവർ, ചക്രവർത്തി അവരെ യഥോചിതം സ്വീകരിച്ചു.

കുറച്ചു സമയം കഴിഞ്ഞ് മന്ത്രിയായിരുന്ന അപ്പാജി ചക്രവർത്തിയെ കണ്ടു. അദ്ദേഹം, പണ്ഡിതന്മാരെന്ന് പറഞ്ഞ് വന്നിരിക്കുന്നവർ വാസ്തവത്തിൽ ഒന്നും അറിയാൻ പാടില്ലാത്തവരാണ് എന്ന് ചക്രവർത്തിയെ ധരിപ്പിച്ചു. അവർ തന്നെ അന്നത്തെ ഉച്ചഭക്ഷണം തയ്യാറാക്കണമെന്ന് തിരുമേനി കല്പിച്ചാൽ താൻ പറഞ്ഞ കാര്യം തെളിയും എന്ന് അപ്പാജി ചക്രവർത്തിയോട് പറഞ്ഞു.

പണ്ഡിതന്മാർ തന്നെ അന്നത്തെ ഉച്ചഭക്ഷണം തയ്യാറാക്കണമെന്ന് ചക്രവർത്തി കല്പിക്കയും ചെയ്തു. പണ്ഡിതന്മാർ ഓരോരുത്തരും നിർവഹിക്കേണ്ട പങ്ക് എന്തെന്ന് അവർ ഒരു പദ്ധതി ആസൂത്രണം ചെയ്തു. താർക്കികൻ നെയ് വാങ്ങാൻ പോയി. ഒരു കപ്പിൽ നെയ് വാങ്ങി മടങ്ങിവരുമ്പോൾ കപ്പിനകത്താണോ നെയ്യ് അതോ നെയ്ക്കകത്താണോ കപ്പ് എന്ന സംശയം ഉണ്ടായി. അയാൾ കപ്പ് കമത്തി ഒരു പരീക്ഷണം നടത്തി. പരീക്ഷണം വിജയമായി. കപ്പിനകത്തായിരുന്നു നെയ്യ് എന്ന് തെളിഞ്ഞു. എന്നാൽ നെയ് മുഴുവൻ താഴെ പോയി. വയ്യാകരണൻ തൈര് വാങ്ങാനായി പോയി.

ഒരു വല്യമ്മ ആയിരുന്നു തൈര് വിറ്റു കൊണ്ടിരുന്നത്. വല്യമ്മ ചില വ്യാകരണതെറ്റ് വരുത്തിയത് നമ്മുടെ ഭാഷാ പണ്ഡിതൻ തിരുത്താൻ ശ്രമിച്ചു. വല്യമ്മക്കുണ്ടോ വചനവും വിഭക്തിയും മറ്റും? വല്യമ്മക്ക് വല്ലാത്ത കോപം ഉണ്ടായി ഭാഷാ പണ്ഡിതന്റെ തൊലി പൊളിയത്തക്കവണ്ണം അവർ രണ്ട് ആട്ട് കൊടുത്തു. ഭാഷാ പണ്ഡിതൻ തൈര് വാങ്ങാതെ തിരികെപോയി. ഡോക്ടർ പച്ചക്കറി വാങ്ങാൻ പോയി. മാർക്കറ്റിൽ കണ്ട് പച്ചക്കറിക്കൊന്നും വൈറ്റമിൻ ഇല്ലെന്ന് പറഞ്ഞ് അദ്ദേഹം പച്ചക്കറി ഒന്നും വാങ്ങാതെ തിരിച്ചു വ ന്നു.

ജ്യോത്സ്യൻ ഇല പറിക്കാൻ പോയി. അയാൾ തത്തിപ്പിടിച്ച് ഒരു മരത്തിൽ കയറി. നേരെ മുകളിൽ ഒരു പല്ലി ഇരുന്ന് ചൊല്ലി. അത് ഒരു ചീത്ത ശകുനമായി കരുതി അയാൾ ഇടത്തോട്ടുള്ള കമ്പിൽ കയറി. ആ കമ്പിലും ഒരു പല്ലി ഇരുന്ന് ചൊല്ലി. പിന്നെ അയാൾ വലത്തെ കമ്പിൽ കയറാൻ ശ്രമിച്ചു. അവിടെയും ഒരു പല്ലി ഇരുന്ന് ശബ്ദം ഉണ്ടാക്കി. ജ്യോത്സ്യൻ താഴോട്ട് ഇറങ്ങാമെന്ന് വിചാരിച്ചപ്പോൾ ചുവട്ടിൽ പല്ലി ഇരുന്ന് ചൊല്ലിക്കൊണ്ടിരുന്നു. നമ്മുടെ ജ്യോത്സ്യൻ മരത്തിൽ നിന്ന് എടുത്ത് ചാടി പ്രാണനും കൊണ്ട് രക്ഷപ്പെട്ടു എന്ന് പറഞ്ഞാൽ കഴിഞ്ഞല്ലോ. അയാൾ ഇലയൊന്നും ഇല്ലാതെ തിരിച്ചുവന്നു. സംഗീതശാസ്ത്രജ്ഞന്റെ ജോലി ചോറ് വയ്ക്കുക എന്നതായിരുന്നു.

കലത്തിൽ വെള്ളം വച്ച് തിളച്ചതിന് ശേഷം അയാൾ അരി ഇട്ടു. കലത്തിനകത്ത് വെള്ളം തിളയ്ക്കുന്ന ശബ്ദത്തിനനുസരിച്ച് ഭാഗവതർ കലത്തിന്റെ മേൽ താളം അടിക്കാൻ തുടങ്ങി. അടുപ്പിൽ തീ കുറഞ്ഞപ്പോൾ തിളയ്ക്കുന്ന ശബ്ദവും കുറഞ്ഞു. സംഗീതശാസ്ത്രജ്ഞന് വല്ലാത്ത കോപം ഉണ്ടായി. അയാൾ ചോറുകലം തല്ലിപ്പൊട്ടിച്ചു. അപ്പാജി പണ്ഡിതന്മാരുടെ വിചിത്രമായ അനുഭവങ്ങൾ ചക്രവർത്തിയെ ധരിപ്പിച്ചു. ചക്രവർത്തിക്ക് അവരോട് സഹതാപം തോന്നി, അദ്ദേഹം അവരെ വിളിപ്പിച്ച് അനുദിന ജീവിതത്തിലെ സാധാരണ ചെറിയ കാര്യങ്ങൾ മനസ്സിലാക്കണമെന്ന് ഉപദേശിച്ചതിന് ശേഷം അവരെ യാത്രയാക്കി.

ജ്ഞാനം ആരിൽ നിന്ന് ലഭിക്കും? "അവനിൽ (ക്രിസ്തുവിൽ) ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിട്ട് ഇരിക്കുന്നു (കൊലൊ. 2:3). യേശു ക്രിസ്തു ദൈവത്തിന്റെ ജ്ഞാനമാണ്. യേശു ക്രിസ്തു എന്ന വ്യക്തിയാണ് ബൈബിളിന്റെ വിഷയം. വേദപുസ്തകം ശ്രുതി അഥവാ വെളിപ്പാടാണ്.

വേദപുസ്തകത്തിൽ ദൈവം തന്നെത്താൻ വെളിപ്പെടുത്തിയതുകൊണ്ട് അത് ദൈവവചനമാണ്. "അജ്ഞനു ജ്ഞാനം അന്ധനു നയനം നൽകീടും ഈശ്വരവചനം പുൽകിടുന്നു വിജ്ഞരിതിനെ" എന്ന് മഹാകവി കെ.വി. സൈമൺ പാടിയിരിക്കുന്നു.

ബൈബിൾ തദ്വിഷയമായി എന്ത് പറയുന്നു? "ജ്ഞാനികൾ എന്ന് പറഞ്ഞു കൊണ്ട് അവർ മൂഢരായിപ്പോയി; അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാൽക്കാലി, ഇഴജാതി എന്നിവയുടെ രൂപ സാദൃശ്യമായി മാറ്റിക്കളഞ്ഞു" (റോമ. 1:22,23). ●

# മഹത്വത്തിൽ



**വെല്ലൂർ** : സുവി. **സി.കെ. ജോൺ (76)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 20 ന് വെല്ലൂർ ബ്രദറൺ സഭാഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സംസ്കരിച്ചു. താൻ ദീർഘകാലം മധുരയിലും വെല്ലൂരിലും സുവിശേഷ വേലയിലായിരുന്നു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**കോവില്ലൂർ, തിരുവനന്തപുരം** : സഹോ. **കെ.എം. കുറിയാക്കോസ് (85)** ജനുവരി 22 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 23 ന് ഭവനത്തിൽ നടന്ന കോവില്ലൂർ ബ്രദറൺ സഭയുടെ ശുശ്രൂഷകൾക്ക് ശേഷം കാരക്കോണം ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. സുവിശേഷകന്മാരായ സാബു കുറിയാക്കോസ് (കോവില്ലൂർ), ടോമി കുറിയാക്കോസ് (ചെങ്കുളം, ചിദംബരം) എന്നിവർ തന്റെ മക്കളാണ്. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പാലാരിവട്ടം, എറണാകുളം** : ക്രിസ്ത്യൻ ബ്രദറൺ ചാപ്പലിന്റെ മൂപ്പന്മാരിൽ ഒരാളായിരുന്ന സഹോ. **അലക്സ് ജേക്കബ് (89)** ജനുവരി 25 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 29 ന് പാലാരിവട്ടം എക്ലെഷ്യ ഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം തെങ്ങോട് ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. സുവി. പ്രൊഫ. മാത്യൂസ് എബ്രഹാം കൊട്ടാരക്കരയുടെ ഭാര്യാ സഹോദരനാണ്. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**വാളകം, മൂവാറ്റുപുഴ** : സഹോദരി **മറിയാമ്മ ജേക്കബ് (88)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 25 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം വാളകം ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**കല്ലിശ്ശേരി** : സഹോ. രവീന്ദ്രൻ കെ.യുടെ (റിയാദ്) സഹധർമ്മിണി **സാറാമ്മ രവീന്ദ്രൻ (68)** ജനുവരി 17 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 20 ന് മഴുക്കീർ ബ്രദറൺ ചർച്ച് ഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.

# ബാലലോകം
# അണഞ്ഞ വെളിച്ചം

**ലോയിസ് ജോർജ് വർഗീസ്, അടൂർ**

അമ്മേ.... എന്റെ മുറിയിലേ ലൈറ്റ് കത്തുന്നില്ല.

ബെല്ല മുറിയിൽ നിന്ന് ഉറക്കെ വിളിച്ചു പറഞ്ഞു.

അടുക്കളയിൽ നിന്ന് അമ്മ വിളിച്ചു ചോദിച്ചു, 'എന്താ മോളെ, എന്ത് പറ്റി?'

ബെല്ല പറഞ്ഞു, 'ഇത് കണ്ടോ ഞാൻ സ്വിച്ച് ഓണാക്കീട്ടും എന്റെ മുറിയിലെ ലൈറ്റ് കത്തുന്നില്ല. മുറിയിൽ നല്ല ഇരുട്ടും. അമ്മ പപ്പയെ വിളിച്ചു ഒന്ന് പറഞ്ഞേക്ക്. പപ്പ വരുമ്പോൾ പുതിയ ബൾബ് വാങ്ങി വരുമല്ലോ'.

അമ്മ ബെല്ലയുടെ പിതാവിനെ വിളിച്ചു; വരുമ്പോൾ ഒരു ബൾബ് കൂടെ വാങ്ങി വരണമെന്ന് പറഞ്ഞു. ശരിയെന്ന് മറുപടി പറഞ്ഞെങ്കിലും തന്റെ കയ്യിൽ പുതിയ ബൾബ് വാങ്ങാനുള്ള പണം തികയില്ല എന്ന ചിന്ത തന്നെ വേദനിപ്പിച്ചു. എന്ത് ചെയ്യാം! ദൈവമേ എന്തെങ്കിലും ഒരു പോംവഴി തരണേ ഹൃദയവേദനയോടെ പ്രാർത്ഥിച്ചു....

'ദൈവമേ ബൾബ് വാങ്ങാൻ കയ്യിൽ കാശില്ലല്ലോ. എന്റെ കുഞ്ഞിനോട് ഞാൻ എന്ത് സമാധാനം പറയും?' എന്ന് പിതാവ് മനസ്സിൽ പറഞ്ഞു. അവളുടെ പിതാവ് വളരെ വിഷമിച്ചാണ് അന്ന് വീട്ടിലെത്തിയത്. ബെല്ലപിതാവിന്റെ അടുത്ത് ചെന്നു ചോദിച്ചു, 'പപ്പാ, പുതിയ ബൾബ് എവിടെ?'

പിതാവ് പറഞ്ഞു,'ഞാൻ ഒന്ന് നോക്കട്ടെ. ബൾബിനു എന്താ പ്രശ്നമെന്ന്. ശരിയാക്കാൻ പറ്റുമെങ്കിൽ നമുക്ക് ശരിയാക്കാം' എന്ന് പറഞ്ഞുകൊണ്ട് അവളുടെ പിതാവ് മുറിയിലേക്ക് ചെന്നു. സ്വിച്ച് ഓൺ ആക്കി. അപ്പോൾ അതാ അതുവരെ കത്താതിരുന്ന ബൾബ് കത്തി. മുറിയിൽ പ്രകാശം നിറഞ്ഞു.

ബെല്ലയുടെ പിതാവ് അവളോട് ചോദിച്ചു, 'ഇത് കത്തുന്നുണ്ടല്ലോ. നീയല്ലേ പറഞ്ഞത് ബൾബ് കത്തുന്നില്ല എന്ന്'.

ബെല്ല അത്ഭുതത്തോടെ അമ്മയെ നോക്കി. ശരിയാണല്ലോ !

അമ്മ മറുപടി പറഞ്ഞു, 'ബൾബ് കത്തുന്നില്ലായിരുന്നു. ഞാനും നോക്കിയതല്ലേ, ഇപ്പോൾ എങ്ങനെയാണോ ഇത് ശരിയായത് ?'. വിചിത്രം തന്നെ.

ബെല്ലയുടെ പിതാവ് ഇങ്ങനെചിന്തിച്ചു; 'ദൈവമേ അങ്ങെന്റെ പ്രാർത്ഥന കേട്ടല്ലോ. ഞാൻ ശരിയാക്കാൻ തുനിഞ്ഞ കാര്യം അങ്ങ് മുന്നമേ എനിക്ക് വേണ്ടി ചെയ്തു. ഇത്ര ചെറിയ കാര്യം ആയിരുന്നിട്ട് പോലും അങ്ങെനിക്ക് സാധിച്ചു തന്നല്ലോ. വളരെ നന്ദി കർത്താവെ'.

പ്രിയരേ,

ദൈവം നമ്മളുടെ ജീവിതത്തിലെ ചെറിയ കാര്യങ്ങൾ പോലും ശ്രദ്ധിക്കുന്നവനാണ്. കരുതുന്നവനാണ്. ദൈവം തന്റെ മക്കളോടുള്ള സ്നേഹം വ്യത്യസ്തരീതികളിൽ ആണ് പ്രകടമാക്കുന്നത്. നമ്മളുടെ ഏതാവശ്യ അവസ്ഥയിലും അത് എത്ര ചെറുതും ആയിക്കോട്ടെ ഇരുട്ടേറിയതും ആയിക്കോട്ടെ ദൈവത്തിന് അവിടെ പ്രവർത്തിക്കുവാൻ കഴിയും. ഹൃദയപരമാർത്ഥതയോടെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും നമ്മുടെ കർത്താവ് സമീപസ്ഥനാണ്.

"നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്കു കിട്ടും" യോഹന്നാൻ 15:7. ●

25 YEARS OF GOD'S FAITHFULNESS
നല്ലിടയൻ മിനിസ്ട്രി
GOOD SHEPHERD MINISTRIES
PALLIATIVE CARE
സ്തോത്ര സമ്മേളനം
ഫെബ്രുവരി 2025 | 22 | ശനി 5.00pm-7.00pm
ബ്രദറൺ സഭാ ഹാൾ, ചാന്തുകാവ്
ഉത്ഘാടനം : ബ്ര. ജോർജ്ജ് മാത്യു (കാനഡ)
സന്ദേശം : ബ്ര. ഐസക് മണ്ണൂർ (ന്യൂയോർക്ക്)
ഗാനശുശ്രൂഷ :
ബയോസിസ് ബാൻഡ്
കോയമ്പത്തൂർ
Joseph T. Joseph
Rajan Thomas
M. V. Babu 9447124260
Binu Samuel 9447359183
Abraham T. S. 9447600537
ഏവർക്കും സ്വാഗതം

സുവിശേഷധ്വനിയുടെ കുടിശ്ശിക വരിസംഖ്യ അടയ്ക്കുകയും പ്രാർത്ഥനയിൽ ഓർക്കുകയും ചെയ്യണമേ.
ചീഫ് എഡിറ്റർ

## ചിന്താശകലം MCR
# എല്ലാ നാളും കൂടെയുള്ളവൻ

**ഉറങ്ങുന്നവന് വേണ്ടി ഉറങ്ങാതെ സംരക്ഷകനായിരിക്കുന്നവൻ ഒരുവനേയുള്ളു. യിസ്രായേലിന്റെ ദൈവമായ കർത്താവ്, മയങ്ങുന്നില്ല, ഉറങ്ങുന്നില്ല**

പ്രജകളുടെ ക്ഷേമമറിയാൻ വേഷപ്രച്ഛന്നനായി നാടുചുറ്റിയ രാജാവ് രസകരമായ ഒരു കാഴ്ച കണ്ടു. ഒരു കുട്ടി മണ്ണ് കൊണ്ടുണ്ടാക്കിയ കളിപ്പാട്ടങ്ങളുടെ ചെവിയിൽ എന്തോ മന്ത്രിയ്ക്കുന്നു. രാജാവ് നോക്കിനിന്നു. അവൻ ചിലത് എടുത്ത് പൊട്ടിച്ച് മണ്ണ് ചേർത്ത് കുഴച്ച് വീണ്ടും കളിപ്പാട്ടമുണ്ടാക്കി. രാജാവ് കുട്ടിയുടെ അടുത്ത് ചെന്ന് കാര്യങ്ങൾ തിരക്കി. കുട്ടി പറഞ്ഞു ഞാൻ ഇവയോട് നീ ഈശ്വരനാമം ഉരുവിടാറുണ്ടോ എന്ന് ചോദിക്കും. മറുപടി ഇല്ലെങ്കിൽ വീണ്ടും പൊടിച്ച് കുഴയ്ക്കും. രാജാവിന് ആ കുട്ടിയോട് താല്പര്യം തോന്നി. തന്നെ വെളിപ്പെടുത്തിയതിന് ശേഷം കൊട്ടാരത്തിലേയ്ക്ക് അവനെ ക്ഷണിച്ചു.

കുട്ടി മൂന്ന് നിർദ്ദേശങ്ങൾ വച്ചു (1) ഞാൻ ഉറങ്ങുമ്പോൾ അങ്ങ് ഉണർന്നിരിക്കണം (2) ഞാൻ ഭക്ഷണം കഴിക്കുമ്പോൾ അങ്ങ് കൂടെയുണ്ടാകണം (3) എനിക്ക് പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ മറ്റെല്ലാം മാറ്റിവച്ച് അങ്ങ് എന്റെ കൂടെ നില്ക്കണം. രാജാവ് ബുദ്ധിമുട്ട് അറിയിച്ചപ്പോൾ അവൻ പറഞ്ഞു അതുകൊണ്ടാണ് ഞാൻ ദൈവത്തെ മാത്രം ആശ്രയിക്കുന്നത്.

ആനന്ദവേളകളിൽ ഒപ്പമുണ്ടാകുക എന്നത് എളുപ്പമാണ്. അലമുറയിടുന്ന സാഹചര്യത്തിൽ ഒപ്പമുണ്ടാവുക എന്നതാണ് പ്രധാനം. ആദരിയ്ക്കപ്പെടുമ്പോൾ ചേർന്നു നിൽക്കുന്നത് അഭിമാനമാണ്. അപമാനിയ്ക്കപ്പെടുമ്പോൾ ചേർത്തുപിടിക്കുന്നവരെയാണ് ആവശ്യം. സുഖകരമായ സൗഹൃദാനുഭവങ്ങളിൽ എല്ലാവരും ഒപ്പമുണ്ടാകും. ഞാൻ കൂടെയുണ്ടാകും എന്നത് എല്ലാം ക്ഷേമകരമായിരിക്കുമ്പോഴുള്ള വാഗ്ദത്തമാണ്. പ്രതികൂലങ്ങളിൽപ്പെടുമ്പോഴറിയാം എത്രപേർ കൂടെയുണ്ടാകും എന്ന്. സ്വന്തം കാര്യം സിന്ദാബാദ് എന്നുപറഞ്ഞ് അകന്നു നടക്കുന്നവരാണ് അധികവും.

ഉറങ്ങുന്നവന് വേണ്ടി ഉറങ്ങാതെ സംരക്ഷകനായിരിക്കുന്നവൻ ഒരുവനേയുള്ളൂ. യിസ്രായേലിന്റെ ദൈവമായ കർത്താവ്, മയങ്ങുന്നില്ല, ഉറങ്ങുന്നില്ല എന്ന് ബൈബിൾ പറയുന്നു. മനുഷ്യനെ ഏത് സമയത്തും കുറ്റപ്പെടുത്തുന്ന പിശാചിനെക്കുറിച്ച് വെളിപാട് 2:10 -ൽ വായിക്കുന്നു. നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റപ്പെടുത്തുന്ന അപവാദിയാണ് പിശാച്.

സഹോദരന്മാരെ കുറ്റം പറയുന്ന ഏവരും ഈ അപവാദിയുടെ കൂട്ടുകാരാണ്. കർത്താവായ യേശു ആ സമയത്തും വിശുദ്ധന്മാർക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. എബ്രാ. 9:24 -ൽ ക്രിസ്തു ഇപ്പോൾ നമുക്കുവേണ്ടി ദൈവസന്നിധിയിൽ പ്രത്യക്ഷനാവാൻ സ്വർഗ്ഗത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നു എന്ന് വായിക്കുന്നു.

അമ്മ തന്റെ കുഞ്ഞുങ്ങളെ ഓമനിച്ച് ആർദ്രതയോടെ പോറ്റുന്നതുപോലെയും അപ്പൻ മക്കളെ പ്രബോധിപ്പിച്ചും ഉത്സാഹിപ്പിച്ചും നടത്തുന്നതുപോലെയും എല്ലാനാളും കൂടെയിരുന്ന് നമ്മെ നടത്തുന്ന നല്ലവനായ കർത്താവ് നമുക്ക് ഉണ്ട്. ആ ധൈര്യത്തിൽ നമുക്ക് മുൻപോട്ട് പോകാം. കർത്താവ് സഹായിക്കട്ടെ. ●

Fortnightly
Vol. 42 Issue 35
Single Copy Rs. 10/-
Annual Subscription
India Rs. 200/-
Envelope Postage Rs. 3000/-
Please send news and articles to
Chief Editor:
**Sam Zacharia**
H. No. 56/ NV Nagar,
Peroorkada P.O.
Thiruvananthapuram - 695 005.
Tel. +91 9446684828
email: svdtvm2019@gmail.com
*Send your money orders to:*
Managing Editor:
**Joykumar V.K.**
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121
Tel. +91 9446022942
Associate Editor :
**Samuel Thomas**, Cheppad
Tel. +91 9495162788
Sub Editor:
**A.D. James**
Tel. +91 9446814115
Circulation Manager :
**Spurjan K.J.** Balaramapuram
Tel. +91 9495131875

**REGISTERED**
Reg. No. RN 29475/1978
Postal Reg. No. KL/TV(S)/396/2025-27
Licence No: KL/TV(S)/WPP/251/2025-27
Licensed to Post without prepayment
Date of Publishing : 01-02-2025
If undelivered please return to :
Managing Editor
Suviseshadwani
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121.



Printed & Published by Sam Zacharia on behalf of General Y.M.E.F & Printed at : Color Scan, Trivandrum & Published at H. No. 56/ NV Nagar, Peroorkada P.O. Thiruvananthapuram - 695 005. Editor: Sam Zacharia. Design:printechoffset,Trivandrum